# ദുരന്തങ്ങളെ നേരിടാം

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്

## ഒരു വഴികാട്ടി

**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
മുളംകുന്നത്തുകാവ് പി.ഒ., തൃശൂർ 680 581
ഫോൺ: 0487 2207000 ഫാക്സ്: 0487 2201062 ഇമെയിൽ: info@kila.ac.in

**MANAGING DISASTERS**
**A Guide**
**to Local Self Governments**

Adapted from the book published by
**TRUST FOR VILLAGE SELF GOVERNANCE (TVSG)**
Kuthambakkam, Tamilnadu
with Support from
**Swiss Agency for Development**
**and Cooperation (SDC)**

Originally prepared by
**Sri. R. Elanko, Sri. Sreeraman**
**Sri. Vinod Kumar, Dr. Nirmala Sanu George**
**Dr. Joy Elamon**

This Version published by
**Kerala Institute of Local Administration (KILA)**
Mulamkunnathukavu P.O.,
Thrissur 680 581, Kerala
Phone: 0487 2207000 Fax: 0487 2201062
Email: info@kila.ac.in

October 2018

Malayalam Translation
Sarath Kumar

Drawings
Rakesh

Cover Design
Shamnad Rasool

Book Design and Layout
V. Vinayakumar

Printed by
....

**ദുരന്തങ്ങളെ നേരിടാം**
തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്
**ഒരു വഴികാട്ടി**

**ഗ്രാമീണ സ്വയംഭരണത്തിനായുള്ള ട്രസ്റ്റ് (TVSG)**
(കുത്തമ്പാക്കം, തമിഴ്നാട്)
**എസ്.ഡി.സി.** യുടെ സഹായത്തോടെ
പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ
പരിഷ്കരിച്ച പതിപ്പ്

മൂലകൃതി തയ്യാറാക്കിയത്
**ശ്രീ. ആർ. ഇളങ്കോ, ശ്രീ. ശ്രീരാമൻ**
**ശ്രീ. വിനോദ് കുമാർ, ഡോ. നിർമല സാനു ജോർജ്**
**ഡോ. ജോയ് ഇളമൺ**

ഈ പതിപ്പിന്റെ പ്രസിദ്ധീകരണം
**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്**
**ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
മുളംകുന്നത്തുകാവ് പി.ഒ., തൃശൂർ 680 581
ഫോൺ: 0487 2207000 ഫാക്സ്: 0487 2201062
ഇമെയിൽ: info@kila.ac.in

2018 ഒക്ടോബർ

മലയാള പരിഭാഷ
ശരത്കുമാർ

ചിത്രങ്ങൾ
രാകേഷ്

കവർ ഡിസൈൻ
ഷംനാദ് റസൂൽ

ബുക്ക് ഡിസൈൻ, ലേയൗട്ട്
വി. വിനയകുമാർ

അച്ചടി
....

Everyone can use this in a non-commercial manner.
Acknowledgement to TVSG and KILA much appreciated

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 5 |
| 2004 ഡിസംബർ 26 നിങ്ങൾ ഓർക്കുന്നുണ്ടോ? | 11 |
| കാലത്തിലൂടെ ഒരു സഞ്ചാരം | 12 |
| രക്ഷിച്ച വീഡിയോ | 13 |
| ഇവിടെയും സുനാമി നിയന്ത്രിക്കപ്പെട്ടു | 14 |
| എന്താണ് ദുരന്തം? | 15 |
| വിവിധതരം ദുരന്തങ്ങൾ | 17 |
| തദ്ദേശ സ്വയംഭരണ സ്ഥാപനതല ദുരന്ത കൈകാര്യ പദ്ധതിയിലേക്ക് | 22 |
| ഘട്ടം 1 പിന്തുണാ സംവിധാനങ്ങൾ സ്ഥാപിക്കുക | 23 |
| ഘട്ടം 2 മുൻകൂട്ടി നമുക്കെങ്ങനെ ദുരന്തത്തെ നേരിടാം? | 24 |
| ഘട്ടം 3 സാധ്യതയുള്ള ദുരന്തങ്ങൾ തിരിച്ചറിയുക | 27 |
| ഘട്ടം 4 ഓരോ ദുരന്തവും ഉണ്ടാക്കുന്ന പ്രത്യക്ഷവും പരോക്ഷവുമായ നാശനഷ്ടങ്ങൾ വിലയിരുത്തുക | 29 |
| ദുരന്തചക്രം | 30 |
| ഘട്ടം 5 പങ്കുകളും ഉത്തരവാദിത്വങ്ങളും | 32 |
| ഘട്ടം 6 കരട് ദുരന്ത കൈകാര്യ പദ്ധതി | 34 |
| ദുരന്തത്തെ നേരിടൽ | 36 |
| മറ്റുള്ളവർ എങ്ങനെയാണ് ചെയ്യുന്നത്? | 43 |
| ഘട്ടം 7 തദ്ദേശ സ്വയംഭരണ സ്ഥാപന ദുരന്ത പരിഹാര പദ്ധതി | 47 |
| ഘട്ടം 8 ഉപസംഹാരം | 49 |
| പുനർനിർമ്മാണം | 50 |
| നാശനഷ്ടം വിലയിരുത്തൽ | 51 |
| മാനസിക ആഘാതമേറ്റവർക്കുള്ള പരിപാലനം | 52 |
| ഏകോപനവും മേൽനോട്ടവും | 53 |
| ചെക്ക് ലിസ്റ്റ് | 54 |

കൂട്ടായ്മയിലൂടെ മുന്നോട്ട് 72
ദീർഘകാല വികസനത്തിനു വേണ്ടിയുള്ള പുനരധിവാസം 73
സാമൂഹിക മാറ്റത്തിനുള്ള ഒരവസരം 74
നഗര പ്രളയം, പ്രളയ ജലനിരപ്പ് 75

അനുബന്ധം 1: ദുരന്തസമത്ത് ചെയ്യാവുന്നതും ചെയ്യാൻപാടില്ലാത്തതും 76
അനുബന്ധം 2: കൂടുതൽ പ്രവർത്തനങ്ങൾക്കായി ചില മാതൃകകൾ കൂടി 79
അനുബന്ധം 3: ബന്ധപ്പെടേണ്ടവരുടെ ലിസ്റ്റും ഫോൺ നമ്പരും 81
അനുബന്ധം 4: മുന്നറിയിപ്പുകൾ 83
അനുബന്ധം 5: എമർജൻസി കിറ്റ് 84
അനുബന്ധം 6: ഈ സഹായി തയ്യാറാക്കുന്നതിന് ഉപയോഗിച്ച പ്രധാന സ്രോതസ്സുകൾ 85

മാതൃകാ വർക്ക്ഷീറ്റുകൾ **86**

# ആമുഖം

**കേരളത്തിൽ** സമാനതകളില്ലാത്ത അതിവൃഷ്ടിയും പ്രളയവുമുയർത്തിയ ആഘാതങ്ങൾ ഇനിയും മാറിയിട്ടില്ല. അപ്രതീക്ഷിതമായിരുന്നതിനാൽ പ്രാദേശികതലത്തിൽ മുന്നൊരുക്കങ്ങളും നടത്താനായില്ല. എന്നാൽ, കാലാവസ്ഥാ വ്യതിയാനവും പരിസ്ഥിതി പ്രശ്നങ്ങളും ഇനിയും ഇത്തരം ആഘാതങ്ങൾക്ക് കാരണമാകാൻ സാധ്യതയുണ്ട്. ഇതു മുന്നിൽകണ്ടു തയ്യാറെടുക്കുകയാണ് ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെയും കടമ. എല്ലാതരം ദുരന്തങ്ങളും ഒഴിവാക്കാനോ ലഘൂകരിക്കുവാനോ അവയെ തരണം ചെയ്യുവാനോ ഉള്ള നടപടികൾക്ക് തയ്യാറെടുക്കണം. അതിനാണീ പുസ്തകം.

വർഷങ്ങൾക്കുമുമ്പ് തമിഴ്നാട്ടിലെ കുത്തമ്പാക്കം ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത സംരംഭത്തിന്റെ ഭാഗമായി തയ്യാറാക്കിയ പുസ്തകത്തിന്റെ പരിഷ്കരിച്ച പതിപ്പാണിത്. മുൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റായ ശ്രീ. ആർ. ഇളങ്കോ ആണ് ഇതിന് നേതൃത്വം നൽകിയത്. ധാരാളം വ്യക്തികളുടെയും സംഘടനകളുടെയും സഹായവും മാർഗനിർദ്ദേശവും കൂടാതെ ഈ വഴികാട്ടി സാധ്യമാകുമായിരുന്നില്ല. സ്വിസ്സ് ഏജൻസി ഫോർ ഡവലപ്മെന്റ് ആൻഡ് കോഓപ്പറേഷൻ (എസ്.ഡി.സി.), സംസ്ഥാന റിസോഴ്സ് സെന്റർ (ചെന്നൈ), ശ്രീ. ശ്രീരാമൻ (ചെന്നൈ), എസ്.ഡി.സി–ക്യാപ്ഡെക് ടീം (കേരളം) എന്നിവർ ഇവരിൽ ചിലരാണ്. ശ്രീ. വിനോദ് കുമാറിന്റെയും (മൈത്രി, പാലക്കാട്) ഡോ. നിർമല സാനു ജോർജിന്റെയും (എസ്.ഡി.സി–ക്യാപ്ഡെക്) സഹായം, പ്രത്യേകിച്ച് എട്ടു ഘട്ടങ്ങൾ വികസിപ്പിക്കുന്നതിൽ, വിലപിടിച്ചതായിരുന്നു. വിവിധ സംഘടനകൾ തയ്യാറാക്കിയ പഠനോപാധികളും വിവരങ്ങളും ഈ സഹായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കുത്തമ്പാക്കം ഗ്രാമപഞ്ചായത്തിലെ ജനങ്ങളും ടി.വി.എസ്.ജി. ടീമും ശ്ലാഘനീയമായ ഇടപെടലാണ് ഈ പുസ്തകത്തിലൂടെ നടത്തിയത്. പരിഷ്കരിച്ച പതിപ്പു തയ്യാറാക്കുവാൻ സഹായിച്ച കിലയിലെ പ്രതാപ് സിംഗ്, സുകന്യ കെ.യു., മാത്യു ആൻഡ്രൂസ്, ഡോ. ജെ.ബി. രാജൻ എന്നിവർക്കും ചെക്ക് ലിസ്റ്റ് തയ്യാറാക്കിയ കിലയിലെ ടീമംഗങ്ങൾക്കും പ്രത്യേകം നന്ദി.

കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും വഴികാട്ടിയായി ഈ പുസ്തകം മാറുമെന്ന് കരുതുന്നു.

**ജോയ് ഇളമൺ**

ഡയറക്ടർ

# 2018 ആഗസ്റ്റ്
# കേരളം

# 2017 നവംബർ
# ഓഖി

# 2004 ഡിസംബർ 26 നിങ്ങൾ ഓർക്കുന്നുണ്ടോ?

## അതു സുനാമി ബാധിച്ച ദിവസമായിരുന്നു!

സുനാമി താണ്ഡവമാടുന്നതുവരെ നമ്മൾ അതിനെക്കുറിച്ച് ബോധവാന്മാരായിരുന്നില്ല. ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ സുനാമി ബാധിക്കാനുള്ള സാധ്യത വളരെ വിരളമാണെന്നാണ് കണക്കാക്കപ്പെട്ടിരുന്നത്. ഇതിനുള്ള സാധ്യത ഏതാനും നൂറ്റാണ്ടുകളിൽ ഒരിക്കൽ മാത്രമാണെന്നാണ് വിലയിരുത്തപ്പെട്ടിരുന്നത്. അതുകൊണ്ട്, പസഫിക് സമുദ്രതീര പ്രദേശങ്ങളിലുള്ള മിക്ക രാജ്യങ്ങളും സുനാമി മുന്നറിയിപ്പ് സംവിധാനങ്ങൾക്കും സാമൂഹിക തയ്യാറെടുപ്പുകൾക്കുമായി ധാരാളം പണം ചെലവഴിച്ചപ്പോൾ, ഇന്ത്യൻ മഹാസമുദ്രതീരത്തുള്ള രാജ്യങ്ങൾ ഇതിനായി ഒന്നും ചെലവഴിച്ചില്ല. ഇതിന്റെ അന്തിമ ഫലം നമുക്കെല്ലാം അറിവുള്ളതാണ്.

ഒരു ദുരന്തം നമ്മെ ബാധിക്കുമോ? ഇല്ല, ഒരിക്കലുമില്ല! അത് മറ്റുള്ളവരെ ബാധിച്ചേക്കാം, പക്ഷെ നമ്മെ ഒരിക്കലും ബാധിക്കില്ല. അതാണ് വിശ്വാസം. ഈ അലംഭാവം നമ്മെ വലിയ നഷ്ടങ്ങളിലേക്ക് നയിച്ചു- ജീവൻ, സാധന സാമഗ്രികൾ, അടിസ്ഥാന സൗകര്യങ്ങൾ, ആസ്തികൾ, ജീവിത ഗുണനിലവാരം തുടങ്ങി മറ്റനേകം നഷ്ടങ്ങളും.




**ഈ ഇല്ല ഉറപ്പാക്കുന്നതിനുവേണ്ടി ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് എങ്ങനെ ദുരന്തങ്ങളെ നേരിടാനാവും എന്നതിനെക്കുറിച്ചാണ് ഈ സംവാദം.**


# കാലത്തിലൂടെ ഒരു സഞ്ചാരം...

മുങ്ങാത്ത കപ്പലെന്നു വിശ്വസിച്ചിരുന്ന ടൈറ്റാനിക് അതിന്റെ കന്നിയാത്രയിൽ തന്നെ മുങ്ങിയ കഥ നമുക്കെല്ലാം അറിയാം.

ഈ ദുരന്തത്തിന്റെ കാരണങ്ങൾ എന്തൊക്കെയായിരുന്നു?

ടൈറ്റാനിക് മുങ്ങില്ല എന്ന് എല്ലാവരും ഉറച്ചുവിശ്വസിച്ചു. അതുകൊണ്ട്, എല്ലാ യാത്രക്കാർക്കും ആവശ്യത്തിനുള്ള രക്ഷാബോട്ടുകൾ ഉണ്ടാവണമെന്ന കടലിലെ പരമ്പരാഗത തത്ത്വം ലംഘിക്കപ്പെട്ടു!

ഏപ്രിൽമാസകാലത്ത്, ഒഴുകിനടക്കുന്ന മഞ്ഞുമലകളുള്ള അത്‌ലാന്റിക് സമുദ്രത്തെ തീരെ വിശ്വസിക്കാനാവില്ല. ദീർഘദൃഷ്ടിയുള്ള കപ്പലുകൾ വേഗത കുറയ്ക്കുകയും മഞ്ഞുമലകൾ കണ്ടെ



ത്തുന്നതിനായി കൂടുതൽ ജീവനക്കാരെ നിയോഗിക്കുകയും ചെയ്യും. എന്നാൽ മുങ്ങാത്ത കപ്പലായ ടൈറ്റാനിക് വേഗത കുറയ്ക്കാനോ, അതിന്റെ കപ്പിത്താൻ കൂടുതൽ നിരീക്ഷണങ്ങൾ നടത്താനോ തയ്യാറായില്ല.

മുങ്ങിപ്പോകൽ, അഗ്നിബാധ തുടങ്ങിയ ദുരന്തങ്ങൾ നേരിടുന്നതിന് യാത്രക്കാരെ സജ്ജരാക്കുന്നതിനായി കപ്പലുകൾ യാത്രക്കാർക്ക് പരിശീലനങ്ങൾ നൽകേണ്ടതുണ്ട്. ടൈറ്റാനിക് ഇതും അലക്ഷ്യമായി തള്ളിക്കളഞ്ഞു.

മറ്റുള്ളവരെപ്പോലെ ടൈറ്റാനിക്കും വേഗത കുറച്ചിരുന്നെങ്കിലോ? നിരീക്ഷണങ്ങൾക്കായി കൂടുതൽ ജോലിക്കാരെ നിയോഗിച്ചിരുന്നെങ്കിലോ? മഞ്ഞുമലകളെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ ശ്രദ്ധിച്ചിരുന്നെങ്കിലോ? ആവശ്യത്തിന് രക്ഷാബോട്ടുകൾ ശേഖരിച്ചിരുന്നെങ്കിലോ? യാത്രക്കാർക്ക് ആവശ്യമായ പരിശീലനം നൽകിയിരുന്നെങ്കിലോ?

തീർച്ചയായും കഥ വ്യത്യസ്തമാകുമായിരുന്നു.

# രക്ഷിച്ച വീഡിയോ...

ലണ്ടനു സമീപമുള്ള ഓക്സ്ഷോട്ട് എന്ന ചെറുഗ്രാമത്തിലെ പത്തുവയസുകാരി ടില്ലി സ്മിത്ത് അവളുടെ ഭൂമിശാസ്ത്രം അധ്യാപികയിൽ നിന്ന്, ഹവായിയിൽ 1946 ൽ നടന്ന സുനാമിയുടെ വീഡിയോ കണ്ടു.

2004 ഡിസംബർ 26 ന്റെ വിധിനിർണായക ദിവസം തായ്‌ലൻഡിലെ ഫുകെറ്റ് ദ്വീപിൽ ഒരു കടൽത്തീരത്ത് കുടുംബത്തോടൊപ്പം അവധിക്കാലം ആഘോഷിക്കുകയായിരുന്നു അവൾ. അവർ ഒരുമിച്ച് നടക്കുമ്പോഴാണ് കടൽ നുരഞ്ഞുപൊന്തുന്നതും കുമിളകൾ ഉയരുന്നതും അവളുടെ ശ്രദ്ധയിൽപെടുന്നത്. അവൾ വീഡിയോയിൽ കണ്ടതുപോലെ തന്നെയായിരുന്നു അത്. ഒരു സുനാമി വരാൻപോവുകയാണെന്ന് അവൾ അമ്മയ്ക്ക് മുന്നറിയിപ്പു നൽകി.



അവൾ പറയുന്നത് ആദ്യമൊന്നും മാതാപിതാക്കൾ വിശ്വസിച്ചില്ല. എന്നാൽ ഒടുവിൽ, സുനാമിക്കു തൊട്ടുമുമ്പ് അവരെയും മറ്റുള്ളവരെയും വിശ്വസിപ്പിക്കാൻ അവൾക്കു സാധിച്ചു. തിരകൾ ആഞ്ഞടിക്കുന്നതിനുമുമ്പ് തീരത്തുനിന്ന് ആളുകളെ ഒഴിപ്പിച്ചു.

വിവരങ്ങളും അവ ഉപയോഗിക്കാനുള്ള മുൻകൈയെടുക്കലും എങ്ങനെയാണ് നൂറുകണക്കിന് ആളുകളുടെ ജീവൻ രക്ഷിക്കുന്നതെന്നു കണ്ടില്ലേ?

# ഇവിടെയും സുനാമി നിയന്ത്രിക്കപ്പെട്ടു

തമിഴ്നാട്ടിൽ കടലൂർ ജില്ലയിലെ ചിദംബരം താലൂക്കിൽപ്പെട്ട താണ്ഡവരായ ചോഴൻ പേട്ട പ്രദേശത്തു നിന്നുള്ള കഥയാണിത്. എം.എസ്. സ്വാമിനാഥൻ ഗവേഷണ ഫൗണ്ടേഷന്റെ സഹായത്തോടെ ജൈവകവചങ്ങളായ കണ്ടൽക്കാടുകളും മറ്റും പ്രദേശത്തു നട്ടുപിടിപ്പിച്ചിരുന്നു. ഇത് 2004 ഡിസംബർ 26 ലെ കൊലയാളിത്തിരമാലകളിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ പൂർണമായും രക്ഷിച്ചു.

നാഗപട്ടണം ജില്ലയിലെ ശീർകഴി താലൂക്കിൽപ്പെട്ട കടലോര പ്രദേശമായ മടമേടുവിൽ നടന്നതും സമാനമായ സംഭവമാണ്. തീരപ്രദേശത്ത് തമിഴ്നാട് വനംവകുപ്പ് കാറ്റാടി മരങ്ങൾ നട്ടുപിടിപ്പിച്ചിരുന്നതുമൂലം മറ്റു ഗ്രാമങ്ങളെ അപേക്ഷിച്ച് ഇവിടെ സുനാമിയുടെ കാഠിന്യം താരതമ്യേന കുറവായിരുന്നു.

കഥകൾ ഇവിടെ അവസാനിക്കുന്നില്ല. പോണ്ടിച്ചേരിക്ക് സമീപമുള്ള നല്ലവേട് ഗ്രാമത്തിൽ എം.എസ്. സ്വാമിനാഥൻ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ ഒരു ഗ്രാമീണ വിജ്ഞാനകേന്ദ്രം (വില്ലേജ് നോളഡ്ജ് സെന്റർ-വി.കെ.സി.) പ്രവർത്തിക്കുന്നുണ്ട്. കമ്പ്യൂട്ടറുകൾ, നേരത്തെയുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ, സാറ്റലൈറ്റ് വഴിയുള്ള ഇന്റർനെറ്റ് കണക്ടിവിറ്റി മുതലായ സംവിധാനങ്ങൾ ഇവിടെയുണ്ട്. ബോധവൽക്കരണ, മുന്നറിയിപ്പ് സംവിധാനങ്ങൾ ഗ്രാമകേന്ദ്രത്തിൽ സ്ഥാപിച്ചിട്ടുണ്ട്. ഓരോ തവണയും പൊതുസമ്പർക്ക സംവിധാനം ശബ്ദിക്കുമ്പോൾ ജനങ്ങൾ കേന്ദ്രത്തിനു സമീപം ഒത്തുചേരും. 2004 ഡിസംബർ 26ന് സിങ്കപ്പൂരിൽ ജോലിചെയ്യുകയായിരുന്ന, കേന്ദ്രത്തിലെ മുൻ വോളണ്ടിയറും ഗ്രാമവാസിയുമായ ശ്രീ. വിജയകുമാർ ഇന്തോനേഷ്യയിലെ സുനാമി വാർത്ത സിങ്കപ്പൂർ ടെലിവിഷനിൽ കണ്ടു. അദ്ദേഹം നല്ലവേട് ഗ്രാമത്തിലെ വി.കെ.സി.യിലേക്ക് ഫോൺ ചെയ്തു. പൊതുസമ്പർക്ക സംവിധാനത്തിലൂടെ ഉടനടി തന്നെ കേന്ദ്രം വാർത്ത പ്രചരിപ്പിച്ചു. ജീവന് വലിയ ഭീഷണി ഉയരുന്നതിനു മുമ്പുതന്നെ ജനങ്ങളെ ഒഴിപ്പിക്കാൻ സാധിച്ചു.

**വിവരങ്ങളും തയ്യാറെടുപ്പുകളും വൈദഗ്ദ്ധ്യങ്ങളും കൊണ്ട്**
**സജ്ജരാണെങ്കിൽ**
**ദുരന്തനാശങ്ങൾ കുറയ്ക്കാൻ സാധിക്കും!**


**ഈ പ്രളയകാലത്ത് നമുക്ക് ഇതുപോലെ**
**തയ്യാറെടുപ്പുകൾ ഉണ്ടായിരുന്നോ?**
**ചിന്തിക്കുക!**

# അപ്പോൾ, എന്താണ് ദുരന്തം?

ജീവനും സ്വത്തിനും വ്യാപകമായ നാശനഷ്ടം ഉണ്ടാക്കാൻ പ്രേരകമായ സംഭവത്തിനെയാണ് ദുരന്തം എന്നു പറയുന്നത്. ദുരന്തം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾ അളക്കാനാവാത്തതും ഭൂമിശാസ്ത്രപരമായ സ്ഥാനം, കാലാവസ്ഥ, ഭൂമിയുടെ ഉപരിതലത്തിന്റെ പ്രത്യേകത എന്നിവയ്ക്കനുസരിച്ച് മാറുന്നതുമാണ്. ബാധിച്ച പ്രദേശത്തിന്റെ മാനസിക, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, സാംസ്കാരിക നിലകളിൽ ഇത് സ്വാധീനം ചെലുത്തുന്നു.

**അതായത്, ഒരു ദുരന്തത്തിന് താഴെപ്പറയുന്ന സ്വഭാവങ്ങൾ ഉണ്ടായിരിക്കാം...**

അനിശ്ചിതത്വം
പ്രവചനാതീതത
അപരിചിതത്വം
അടിയന്തിരം
വേഗത
ഭീഷണി




എന്നാൽ, എന്റെ പഞ്ചായത്ത് വലിയ ദുരന്തങ്ങളിൽ നിന്നും മുക്തമാണ്!
അത് തികച്ചും ശരിയാണോ? അടുത്ത പേജിലുള്ള പട്ടിക പരിശോധിച്ചശേഷം, അവയിൽ നിന്നെല്ലാം നിങ്ങൾ മുക്തമാണോ എന്നു പറയൂ.

# വിവിധതരം ദുരന്തങ്ങൾ

| ഇനങ്ങൾ | പ്രകൃത്യായുണ്ടാകുന്നത് | മനുഷ്യനിർമ്മിതം |
|---|---|---|
| ഭൂമിശാസ്ത്രവുമായി ബന്ധപ്പെട്ടവ | • മണ്ണിടിച്ചിലും ചെളിയിടിച്ചിലും<br>• ഭൂകമ്പങ്ങൾ<br>• ഉരുൾപൊട്ടൽ | • ഖനികളിലെ അഗ്നിബാധ<br>• അണക്കെട്ടുകളുടെ പരാജയം/ പൊട്ടിത്തെറി |
| ജലവും കാലാവസ്ഥയുമായി ബന്ധപ്പെട്ടവ | • പേമാരി<br>• പ്രളയം<br>• ഇടിയും മിന്നലും<br>• കാറ്റ്<br>• മലവെള്ളം<br>• ചുഴലിക്കാറ്റ്<br>• ടൊർണാഡോകൾ<br>• കൽമഴ<br>• ഉഷ്ണ/ഹിമ കാറ്റുകൾ<br>• വരൾച്ച<br>• സൂര്യാഘാതം<br>• സുനാമി<br>• മഞ്ഞുവീഴ്ച | • തീവയ്പ്പ്<br>• വനനശീകരണം<br>• കുന്നിടിക്കൽ • ക്വാറി<br>• കണ്ടൽകാട് നശീകരണം<br>• രാസമലിനീകരണം<br>• ഗൃഹങ്ങളുടെ നാശം<br>• മരം വീഴൽ<br>• ചപ്പുചവറുകൾ കത്തിക്കൽ<br>• പ്ലാസ്റ്റിക് മാലിന്യങ്ങൾ<br>• ഇ-മാലിന്യങ്ങൾ<br>• കനാലുകളുടെ നാശം<br>• വിളനാശം<br>• ജലസംഭരണികളിലെ മുങ്ങിമരണം<br>• നദികളിലെ മുങ്ങിമരണം<br>• നടപ്പാതകളുടെ തകർച്ച<br>• റോഡുകളുടെ തകർച്ച<br>• ജലനിർഗമന പരിപാലനം |
| ജൈവപരമായി ബന്ധപ്പെട്ടവ | • പുള്ളിപ്പുലിയുടെ ആക്രമണം<br>• ആനയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ<br>• കാട്ടുപന്നി<br>• കുരങ്ങുകൾ<br>• കീടങ്ങളുടെ ആക്രമണം | • വയറിളക്കം<br>• ഡെങ്കിപ്പനി • ചിക്കൻഗുനിയ<br>• പനി • എലിപ്പനി<br>• മഞ്ഞപ്പിത്തം<br>• ടൈഫോയ്ഡ്<br>• കന്നുകാലിജന്യരോഗങ്ങൾ<br>• പക്ഷിജന്യരോഗങ്ങൾ<br>• ഭക്ഷ്യവിഷബാധ |
| രാസ/വ്യാവസായിക/ ആണവ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടവ | | • വ്യാവസായിക ദുരന്തം<br>• അമ്ളമഴ<br>• കലാപങ്ങൾ • യുദ്ധം<br>• പരിസ്ഥിതി മലിനീകരണം<br>• ആണവദുരന്തങ്ങൾ |
| അപകടവുമായി ബന്ധപ്പെട്ടവ | | • വൈദ്യുതാഘാതം<br>• ഗ്രാമങ്ങളിലെ അഗ്നിബാധ<br>• എണ്ണ കവിഞ്ഞൊഴുകൽ<br>• വൻകിട കെട്ടിടങ്ങൾ ഇടിഞ്ഞുവീഴൽ<br>• ബോംബ് സ്ഫോടനങ്ങൾ<br>• ഉത്സവങ്ങളുമായി ബന്ധപ്പെട്ടവ<br>• വൈദ്യുതി സംബന്ധമായവ<br>• വിമാന, റെയിൽ, റോഡ് അപകടങ്ങൾ<br>• ബോട്ടുകൾ/വള്ളങ്ങൾ മുങ്ങൽ |

## ശരി, നമ്മൾ ദുരന്തങ്ങളെ നേരിടണം, പക്ഷെ എന്തുകൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം?




**ഓർക്കുക,**

- ✓ ഇത് പ്രാദേശിക സ്വയംഭരണ സർക്കാരാണ്.
- ✓ ജനങ്ങൾക്ക് ഏറ്റവും പ്രാപ്യമായത്.
- ✓ നേരിട്ടുള്ള ജനാധിപത്യത്തിന്റെ അടിത്തറ.
- ✓ പങ്കാളിത്ത, പ്രാവർത്തിക ജനാധിപത്യ വേദി.
- ✓ ജനങ്ങളുടെ പ്രഥമ പരിഗണന.

റോഡുകളും കുടിവെള്ളവും തെരുവുവിളക്കുകളും പ്രദാനം ചെയ്യുന്നതോടെ നമ്മുടെ ചുമതലകൾ അവസാനിക്കുമോ?
നമ്മൾ വെറും ഏജൻസികളോ കരാറുകാരോ മാത്രമാണോ?
സാമൂഹികനീതിയും സാമ്പത്തിക വികസനവും നേടിയെടുക്കാൻ നമ്മൾ ശ്രമിക്കേണ്ടതല്ലേ?
ഇന്ത്യൻ ഭരണഘടനയുടെ 73, 74 ഭേദഗതികൾ ഇതൊക്കെ വിഭാവനം ചെയ്യുന്നുണ്ട്.
ഗ്രാമീണരുടെ ക്ഷേമത്തിനും സുരക്ഷയ്ക്കും അഭിവൃദ്ധിക്കും വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനം പരിശ്രമിക്കേണ്ടതുണ്ട്.

**തെരഞ്ഞെടുക്കപ്പെട്ട നേതാക്കൾ എന്ന നിലയിൽ,
ഇതൊക്കെ നേടിയെടുക്കാൻ നമ്മൾ ആഗ്രഹിക്കുന്നു.**




**കാര്യക്ഷമമായി ദുരന്തങ്ങളെ കൈകാര്യം ചെയ്യാൻ**
**നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സജ്ജമാക്കേണ്ടതുണ്ട്.**

ദുരന്തത്തോട് ആദ്യമായി പ്രതികരിക്കുന്നതിനും
ദുരന്തത്തിൽ മുൻനിരയിൽനിന്നു പ്രവർത്തിക്കുന്നതിനും
അധികാരപ്പെട്ടിരിക്കുന്ന സ്ഥാപനമാണിത്.

*താഴെപ്പറയുന്നവയ്ക്ക് ശേഷികൾ വർദ്ധിപ്പിക്കുക*

**ദുരന്തങ്ങൾ നേരിടാൻ,**
**ദുരിതാശ്വാസ പ്രവർത്തനങ്ങളും**
**പുനരുദ്ധാരണവും പുനരധിവാസവും കൈകാര്യം ചെയ്യാൻ.**




**നമ്മൾ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ ദുരന്ത കൈകാര്യ പദ്ധതികൾ തയ്യാറാക്കേണ്ടതുണ്ട്.**

## അപ്പോൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഒരു പദ്ധതി ആവശ്യമുണ്ട്

- ഈ പ്രക്രിയ പങ്കാളിത്താധിഷ്ഠിതം ആയിരിക്കണം
- ഇത് ശാക്തീകരിക്കത്തക്കതായിരിക്കണം
- ഇതിന് നിരവധി ആഴ്ചകൾ എടുത്തേക്കാം
- ഇതിന് നിരവധി ഘട്ടങ്ങൾ ഉണ്ട്



ഓരോ നടപടിയും എടുക്കുന്നത്

- തദ്ദേശ സ്വയംഭരണ സ്ഥാപനം
- ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റികൾ
- ദുരന്ത കൈകാര്യ കമ്മിറ്റി
- ദുരന്ത കൈകാര്യ സംഘങ്ങൾ
- ഗ്രാമസഭ

**പദ്ധതിയുടെ ഉടമസ്ഥാവകാശം സമൂഹത്തിന്**

# തദ്ദേശ സ്വയംഭരണ സ്ഥാപനതല ദുരന്ത കൈകാര്യ പദ്ധതിയിലേക്ക്

ഇത്തരം പദ്ധതികൾ തയ്യാറാക്കുമ്പോൾ, കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ കീഴിലുള്ള ദേശീയ ദുരന്ത കൈകാര്യ വിഭാഗം നൽകിയിട്ടുള്ള മാർഗരേഖ പരിശോധിക്കുക:

- ഗ്രാമ/ബ്ലോക്ക്/ജില്ല എന്നീ മൂന്നു തലങ്ങളിലും ദുരന്ത കൈകാര്യ കമ്മിറ്റികളും ദുരന്ത കൈകാര്യ സംഘങ്ങളും രൂപവത്കരിക്കുക.
- ഗ്രാമസഭകൾ തദ്ദേശ സ്വയംഭരണ സ്ഥാപനതല ദുരന്ത കൈകാര്യ സംഘങ്ങളെ തെരഞ്ഞെടുക്കുകയും പദ്ധതിക്ക് അംഗീകാരം നൽകുകയും ചെയ്യും.
- തയ്യാറാക്കിയ പദ്ധതിയുടെ അടിസ്ഥാനത്തിൽ കൃത്രിമ സംഭവ പരിശീലനങ്ങൾ (മോക്ക് ഡ്രിൽ) തദ്ദേശ സ്വയംഭരണ സ്ഥാപനം സംഘടിപ്പിക്കുക.
- എല്ലാ തലങ്ങളിലുമുള്ള ദുരന്ത കൈകാര്യ സംഘങ്ങൾക്ക് പരിശീലനം നൽകുകയും കാര്യശേഷി വർധിപ്പിക്കുകയും ചെയ്യുക.
- വീണ്ടും ഘടിപ്പിക്കാവുന്നത്, മേൽക്കൂരയിലെ മഴവെള്ള സംഭരണം എന്നീ സവിശേഷതകൾ ഉൾപ്പെടെയുള്ള അപകട പ്രതിരോധ പാർപ്പിടങ്ങൾക്കുവേണ്ടി ചെലവ് ചുരുങ്ങിയ സമാന്തര സാങ്കേതികവിദ്യയുടെ പ്രദർശനവും പരിശീലനവും.



- ദുരന്ത കൈകാര്യ വിവരകേന്ദ്രങ്ങൾ ശക്തിപ്പെടുത്തുക.
- എല്ലാ തലങ്ങളിലും ദുരന്ത കൈകാര്യ പദ്ധതികളെ വികസന പദ്ധതികളുമായി സംയോജിപ്പിക്കുക.
- വാർഷിക വികസന പദ്ധതിയുടെ ഭാഗമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പരിഹാര പദ്ധതികളും തയ്യാറാക്കണം.
- കേരള സർക്കാരിന്റെ ദുരന്തനിവാരണ പരിപാലന നയം 2010 സംബന്ധിച്ച അറിവ് പകർന്നു നൽകുക.

**ഘട്ടം 1**

# പിന്തുണാ സംവിധാനങ്ങൾ സ്ഥാപിക്കുക

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പിന്തുണാ സംവിധാനങ്ങൾ രൂപവത്കരിക്കണം.

- **ദുരന്ത കൈകാര്യ കമ്മിറ്റി**

  **ആരൊക്കെയായിരിക്കണം അംഗങ്ങൾ?**
  ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാൻ കഴിയുന്ന, താൽപര്യവും പ്രാപ്തിയുമുള്ള ആളുകൾ.

  **എന്തൊക്കെയാണ് അവരുടെ ദൗത്യങ്ങൾ?**
  ദുരന്ത കൈകാര്യ പ്രവർത്തനങ്ങളെയും ദുരന്ത കൈകാര്യ സംഘങ്ങളെയും ഏകോപിപ്പിക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ പിന്തുണയ്ക്കുക.

- **ദുരന്ത കൈകാര്യ സംഘങ്ങൾ**




**ഗ്രാമസഭയിൽ നിന്നും അനുയോജ്യരായ സംഘാംഗങ്ങളെ തെരഞ്ഞെടുക്കണം. ഒപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും വാർഡുതലത്തിലും പരിശീലനം സിദ്ധിച്ച ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും.**

**ഘട്ടം 2**

# മുൻകൂട്ടി നമുക്കെങ്ങനെ ദുരന്തത്തെ നേരിടാം?

1. നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും സമീപപ്രദേശങ്ങളിലും സംഭവിച്ചിട്ടുള്ള വിവിധ ദുരന്തങ്ങളുടെ പട്ടിക ഓർമയിൽ നിന്നും തയ്യാറാക്കുക.
2. ഇവയെ അപകടങ്ങൾ, ജൈവപരം, ഭൂമിശാസ്ത്രപരം, ജലം, കാലാവസ്ഥ, വ്യാവസായികം/ രാസപരം ഇങ്ങനെ വിവിധ വിഭാഗങ്ങളായി തിരിക്കുക.
3. ഇവ പ്രത്യേകം പ്രത്യേകം ഷീറ്റുകളിൽ രേഖപ്പെടുത്തുക.
4. സംഭവത്തിന്റെ കാഠിന്യത്തിന്റെ അടിസ്ഥാനത്തിൽ ഓരോന്നിനും മുൻഗണന നിശ്ചയിക്കുക.
5. ഷീറ്റുകൾ അടയാളപ്പെടുത്തുക

എളുപ്പത്തിൽ മനസ്സിലാക്കുന്നതിന് ഒരു സംഭവം വിവരിക്കുകയും ഷീറ്റുകൾ എങ്ങനെയാണ് പൂരിപ്പിക്കേണ്ടത് എന്നതിനുള്ള ഉദാഹരണവും താഴെ നൽകുന്നു. മറ്റ് എല്ലാ നടപടികളിലും ഇതേ രീതിശാസ്ത്രം തന്നെ പിന്തുടരുന്നു.

**പട്ടിക 1 ദുരന്തങ്ങളുടെ വർഗ്ഗീകരണം ദുരന്തത്തിന്റെ ഇനം** **കാലാവസ്ഥ**

**സംഭവം:** 478 കുടുംബങ്ങൾ അധിവസിക്കുന്ന പാമ്പുടൻ പാറയിൽനിന്നും 9 ചെറുതോടുകൾ ചേർന്ന് രൂപംകൊള്ളുന്ന ഒരു ചെറു ഇടക്കാല നദിയാണ് വരട്ടാർ. കുറച്ചു താമസിച്ച് ആരംഭിച്ച 2007 ലെ മഴക്കാലത്ത്, ഒരു പ്രഭാതത്തിൽ ഗ്രാമ കവലയിലുള്ള ഒരു പഴയ ആൽമരം നിലംപതിച്ചു. മൂന്നു വൈദ്യുത പോസ്റ്റുകളെ മറിച്ചിടുകയും വൈദ്യുതകമ്പിയെ കുറേക്കൂടി താഴ്ത്തുകയും ചെയ്തുകൊണ്ടാണ് മരം നിലംപതിച്ചത്. നിർഭാഗ്യവശാൽ വൈദ്യുത ഫ്യൂസുകൾ വിച്ഛേദിക്കപ്പെട്ടില്ല. ഗ്രാമകവലയിലേക്ക് ധൃതിയിൽ നീങ്ങുകയായിരുന്ന ജയറാം വൈദ്യുത കമ്പിയിൽ കുടുങ്ങുകയും അയാൾക്ക് ജീവൻ നഷ്ടപ്പെടുകയും ചെയ്തു.

| നമ്പർ | സംഭവം | തീയതി/മാസം/വർഷം | കാലാവസ്ഥ | ഉഗ്രത |
|---|---|---|---|---|
| 01. | വരട്ടാറിലെ വെള്ളപ്പൊക്കം | 03.08.07 | മഴക്കാലം | **** |
| 02. | വൈദ്യുതാഘാതം മൂലമുള്ള ജയറാമിന്റെ മരണം | 04.08.07 | മഴക്കാലം | **** |
| 03. | | | | |

6. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ താൽപര്യമുള്ള ആൾക്കാരുടെയും പൊതുസമൂഹ നേതാക്കളുടെയും ഉദ്യോഗസ്ഥരുടെയും ഒരു യോഗം വിളിക്കുക.
7. അവരോടൊപ്പം ഈ പ്രക്രിയ ആവർത്തിക്കുക.
8. ഗ്രാമസഭയിൽ പ്രക്രിയ ആവർത്തിക്കുക.
9. ഉത്തരവാദിത്വം, താൽപര്യം, പ്രാപ്തി എന്നിവയുടെ അടിസ്ഥാനത്തിൽ ദുരന്ത കൈകാര്യ കമ്മിറ്റി രൂപവത്കരിക്കുക.

| ചർച്ചകൾ | തീയതി | വേദി | ഉത്തരവാദിത്വം |
|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | | | |
| ദുരന്ത കൈകാര്യ കമ്മിറ്റിയിൽ | | | |
| ഗ്രാമസഭയിൽ | | | |

# സാധാരണ വിവര സ്രോതസ്സുകൾ

സാധാരണഗതിയിൽ ദുരന്തങ്ങൾ പതിവ് വിവര സ്രോതസ്സുകളെ തടസ്സപ്പെടുത്തുന്നു.
ചില വിവരശേഖരണ സങ്കേതങ്ങൾ:

- സർക്കാരുകളും സ്ഥാപനങ്ങളും
- ഭൂപടങ്ങൾ
- ദ്വിതീയ വിവര വിശകലനം
- വിദൂര ഗ്രഹണ വിവരം (റിമോട്ട് സെൻസിംഗ് ഡാറ്റ)
- പത്രങ്ങളും മാധ്യമങ്ങളും
- സർവേകൾ
- വ്യക്തികൾക്കിടയിലുള്ള ആശയവിനിമയം

***ദുരന്തങ്ങളെക്കുറിച്ച് സംസാരിക്കുന്നതിനിടയിൽ നമ്മൾ നിരവധി പുതിയ വാക്കുകളും പ്രയോഗങ്ങളും പരിചയപ്പെട്ടുവല്ലോ.***

**ദുരന്തത്തിന് തുടക്കമിടാവുന്ന** ഒരു ഭൗതിക സംഭവത്തെയാണ് ***അപായം*** *(Hazard)* എന്നു പറയുന്നത്. ഇത്തരമൊരു ഭൗതിക സംഭവം സ്വയം ഒരു ദുരന്തത്തിനു കാരണമാകണമെന്നില്ല. *ഉദാ: വെള്ളപ്പൊക്കം, അഗ്നിബാധ...*

ഒരു ദുരന്തസമയത്ത് നഷ്ടം, കേടുപാടുകൾ, ദുരിതം, മരണം എന്നിവയോട് സമൂഹങ്ങൾ എത്രത്തോളം **സംവേദകക്ഷമമാണ്** എന്നതിന്റെ അളവാണ് ***ദുർബലാവസ്ഥ*** *(Vulnerability)*. (**കൂടാതെ കെട്ടിടങ്ങളുടെ സ്വഭാവം, തരം, പ്രായം തുടങ്ങിയവയും**).

ദുരന്തം നടക്കാനുള്ള സംഭവ്യത/അനുമാനമാണ് ***വിപദ്സാധ്യത*** *(Risk)*

അപായത്തിന്റെ ആഘാതത്തെ തടുക്കാനുള്ള അല്ലെങ്കിൽ അതിന്റെ ഭീഷണിയുമായി പൊരുത്തപ്പെടാനുള്ള സമൂഹങ്ങളുടെ വിഭവങ്ങളെയാണ്
***കാര്യശേഷി*** *(Capacity)* എന്നു വിളിക്കുന്നത്.




**വിപദ്സാധ്യത = (അപായം * ദുർബലാവസ്ഥ) –കാര്യശേഷി**

# നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ആരാണ് ദുർബലർ?

**അഗ്നിബാധ**



ഓലമേഞ്ഞ വീടുകൾ


**കൊടുങ്കാറ്റും സുനാമിയും**



തീരദേശ ഗ്രാമങ്ങൾ

**ദുരന്തങ്ങൾ വിവിധ സ്ഥലങ്ങളെയും ആവാസമേഖലകളെയും വിവിധ തരത്തിൽ ബാധിക്കുന്നു.**

**ഭൂകമ്പങ്ങൾ/മണ്ണിടിച്ചിൽ/ ഉരുൾപൊട്ടൽ**



മൊത്തം പ്രദേശം

**വെള്ളപ്പൊക്കം**



താഴ്ന്ന പ്രദേശങ്ങൾ
ഹൈറേഞ്ച് പ്രദേശങ്ങൾ



**കുട്ടികൾ,
സ്ത്രീകൾ,
വൃദ്ധർ,
കടുത്ത രോഗികൾ,
ശാരീരികശേഷി കുറഞ്ഞവർ,
ദരിദ്രർ–
കൂടുതൽ ദുർബലർ**

*നമ്മൾ ചെയ്യേണ്ടത്*

**വിപദ്സാധ്യതയും ദുർബലാവസ്ഥയും രേഖപ്പെടുത്തുക
ദുർബലമേഖലകളെയും ദുർബല വിഭാഗങ്ങളെയും തിരിച്ചറിയുക**

**ഘട്ടം 3**

# സാധ്യതയുള്ള ദുരന്തങ്ങൾ തിരിച്ചറിയുക

പഴയതും പുതിയതുമായ പത്രവാർത്തകളിൽ നിന്ന് നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സംഭവിക്കാൻ സാധ്യതയുള്ള ദുരന്തങ്ങൾ തിരിച്ചറിയുക

1. **ഘട്ടം രണ്ടിൽ തയ്യാറാക്കിയ ദുരന്തങ്ങളുടെ പട്ടിക പരിശോധിക്കുകയും സാധൂകരിക്കുകയും ചെയ്യുക**
2. **നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ സംഭവിക്കാവുന്ന/സാധ്യതയുള്ള ദുരന്തങ്ങളുടെ പട്ടിക തയ്യാറാക്കുക**
3. **പട്ടിക പൂരിപ്പിക്കുക**

**പട്ടിക 2 സാധ്യതയുള്ള ദുരന്തങ്ങളുടെ വിപദ്സാധ്യത, ദുർബലാവസ്ഥ-അപായം**

**സംഭവം:** പുഴയോടു ചേർന്ന താഴ്ന്ന പ്രദേശങ്ങളിലെ മൺകുടിലുകളിൽ പാർക്കുന്ന കർഷകത്തൊഴിലാളികളാണ് പാമ്പാടുംപാറയിലെ നിവാസികളിൽ അധികവും. ആടുമേയ്ക്കുന്നവർ ചുറ്റുപാടുമുള്ള കുന്നുംചെരുവുകളിൽ പാർക്കുന്നു.

| നമ്പർ | സംഭവം | തീയതി/വർഷം | അപായം | ദുർബലാവസ്ഥ | പ്രദേശം 1 | വിപദ്സാധ്യത |
|---|---|---|---|---|---|---|
| 1 | വരട്ടാറിലെ വെള്ളപ്പൊക്കം | ആഗസ്റ്റ് 2007 | വെള്ളപ്പൊക്കം | താഴ്ന്ന അടിത്തറയോടുകൂടിയ മൺവീടുകളിൽ താമസിക്കുന്ന താഴ്ന്ന പ്രദേശത്തുള്ള ജനങ്ങൾ | പുഴയ്ക്കും കുളത്തിൽനിന്നുള്ള നീരൊഴുക്കിനും സമീപമുള്ള ചേരികൾ | ജനങ്ങളുടെയും കന്നുകാലികളുടെയും ജീവനാശം, വീടുകൾ തകർന്നുവീഴൽ |

4. **ഈ പ്രക്രിയ ദുരന്ത കൈകാര്യ കമ്മിറ്റിയിലും ദുരന്ത കൈകാര്യ സംഘങ്ങളിലും ആവർത്തിക്കുക**
5. **ഗ്രാമസഭയിൽ ഇത് സാധൂകരിക്കുക**
6. **ഷീറ്റുകൾ അടയാളപ്പെടുത്തുക**


| ചർച്ചകൾ | തീയതി | വേദി | ഉത്തരവാദിത്വം |
|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | | | |
| ദുരന്ത കൈകാര്യ കമ്മിറ്റിയിൽ | | | |
| ഗ്രാമസഭയിൽ | | | |

# ദുരന്തങ്ങൾ മൂലമുള്ള നാശനഷ്ടങ്ങൾ

## പ്രത്യക്ഷ നാശനഷ്ടങ്ങൾ

ദുരന്തം നടക്കുമ്പോഴോ നടന്നതിനു ശേഷമോ ഉടനടി സംഭവിക്കുന്നത്

**ആസ്തികളിലുള്ള പ്രത്യാഘാതം**



പാർപ്പിടം, ഗതാഗതം, വാർത്താവിനിമയം, ഊർജ്ജം, ജലം, മലിനജലം...

**സാമൂഹിക മേഖലകളിലുള്ള പ്രത്യാഘാതം**



ആരോഗ്യം, വിദ്യാഭ്യാസം, സംസ്കാരം, കായികം, മാനസികാഘാതവുമായി ബന്ധപ്പെട്ട വൈകാരിക പ്രശ്നങ്ങൾ

## പരോക്ഷ നാശനഷ്ടങ്ങൾ

ദുരന്തം കഴിഞ്ഞ് ഒരാഴ്ച മുതൽ മാസങ്ങൾ വരെ

**ജീവസന്ധാരണത്തിൽ**



കുറഞ്ഞ വരുമാനവും കൂടിയ ചെലവും - വാണിജ്യം, വിനോദ സഞ്ചാരം, തൊഴിൽ

**ഉത്പാദനത്തിൽ**




കൃഷി, വ്യവസായം, കന്നുകാലി സമ്പത്ത്

**പരിസ്ഥിതിയിൽ**



**ജീവജാലങ്ങളുടെ ആവാസ വ്യവസ്ഥയിൽ**



**ജൈവ വൈവിധ്യത്തിൽ**



**സാമൂഹിക സാഹചര്യങ്ങളിൽ**



സ്ത്രീകൾ, കുട്ടികൾ, പ്രാന്തവത്കൃതർ, ഭിന്നശേഷിക്കാർ, അനാഥർ തുടങ്ങിയവർക്ക് കൂടുതൽ ആഘാതം

**ദുരന്തങ്ങൾ വികസനമില്ലായ്മയിലേക്ക് നയിക്കും**

**ഘട്ടം 4**

# ഓരോ ദുരന്തവും ഉണ്ടാക്കുന്ന പ്രത്യക്ഷവും പരോക്ഷവുമായ നാശനഷ്ടങ്ങൾ വിലയിരുത്തുക

1. കഴിഞ്ഞ ദുരന്തത്തിൽ സംഭവിച്ച നാശനഷ്ടങ്ങളുടെയും വരാൻ സാധ്യതയുള്ള/സംഭവ്യ മായ ദുരന്തങ്ങളിൽ സംഭവിക്കാവുന്ന നാശനഷ്ടങ്ങളുടെയും പട്ടിക തയ്യാറാക്കുക.

**പട്ടിക 3. ദുരന്തം മൂലം ഉണ്ടായിട്ടുള്ള പ്രത്യക്ഷവും പരോക്ഷവുമായ നാശനഷ്ടങ്ങൾ വിലയിരുത്തുക**

**സംഭവം:** മഴമൂലം ഒരു ആൽമരവും മൂന്നു വൈദ്യുത പോസ്റ്റുകളും കടപുഴകി വീണു. ദൗർഭാഗ്യവശാൽ വൈദ്യുത ഫ്യൂസുകൾ വിച്ഛേദിക്കപ്പെട്ടില്ല. താഴ്ന്ന പ്രദേശങ്ങളിലേക്ക് വെള്ളം ഇരച്ചുകയറി. ജയറാം വൈദ്യുതി കമ്പിയിൽ കുടുങ്ങി. ഉയർന്ന പ്രദേശത്തുള്ള പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് ജനങ്ങളെ മാറ്റി. നിലവിലുള്ള സാഹചര്യത്തിൽ പോസ്റ്റുമോർട്ടം ചെയ്യാൻ ബുദ്ധിമുട്ടാണ്. മൃതശരീരത്തിന്റെ അവസ്ഥ അതിവേഗം മോശമായിക്കൊണ്ടിരിക്കുകയാണ്. അവസാനം ഡ്രൈവർ ചന്തു മൃതദേഹവുമായി ചെളി നിറഞ്ഞ റോഡിലൂടെ പോകാൻ സന്നദ്ധനായി. പിറ്റേ ദിവസവും മഴ തുടർന്നു. പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ കുഴൽക്കിണർ ഒഴികെയുള്ള ജലസ്രോതസ്സുകളെല്ലാം കവിഞ്ഞൊഴുകി. ആവശ്യക്കാർക്ക് ശുദ്ധജലം എത്തിക്കാൻ മനുഷ്യച്ചങ്ങല നിർമിച്ചു. പൊതുസ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജനം കർശനമായി നിരോധിക്കുകയും തിളപ്പിച്ച വെള്ളം കുടിക്കണമെന്ന് ആരോഗ്യ സംഘം നിർബന്ധിക്കുകയും ചെയ്തു. സമൂഹത്തിന്റെ പ്രത്യുത്പന്നമതിത്വം നിരവധി പേരുടെ ജീവൻ രക്ഷിച്ചു.


| നമ്പർ | ദുരന്തം | വർഷവും മാസവും | പ്രത്യക്ഷ നാശനഷ്ടങ്ങൾ | | | പരോക്ഷ നാശനഷ്ടങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | പാർപ്പിടം | അടിസ്ഥാന സൗകര്യം | സാമൂഹികം | വൈകാരികം | ഉത്പാദനം | വരുമാനം | പരിസ്ഥിതി | സമുദായം |
| 1 | വെള്ളപ്പൊക്കം | 04.08.2007 | 478 കുടുംബങ്ങളുടെ വീടുകൾ പൂർണമായോ ഭാഗികമായോ നശിച്ചു | മൂന്നു വൈദ്യുത പോസ്റ്റുകളും റോഡുകളും പാലങ്ങളും തകർന്നു | ഭയവും ഉത്കണ്ഠയും | ജീവനാശമോ പരിക്കോ | വിളപ്പെടുപ്പിലുണ്ടായ നഷ്ടം | വിളവെടുപ്പിൽ നിന്നുള്ള വരുമാനം നഷ്ടം | ആൽമരം കടപുഴകി | ക്ഷേമവും സൗഖ്യവും കുറഞ്ഞു |

2. വ്യത്യസ്ത തരം ദുരന്തങ്ങൾക്ക് വ്യത്യസ്ത ഷീറ്റുകൾ ഉപയോഗിക്കുക
3. എല്ലാ ക്രമനമ്പരുകളും സമാനമാണെന്ന് ഉറപ്പാക്കുക
4. എല്ലാ ഷീറ്റുകളും ഇൻഡെക്സ് ചെയ്യുക

| ചർച്ചകൾ | തീയതി | വേദി | ഉത്തരവാദിത്വം |
|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | | | |
| ദുരന്ത കൈകാര്യ കമ്മിറ്റിയിൽ | | | |
| ഗ്രാമസഭയിൽ | | | |

# ദുരന്തചക്രം

ദുരന്തം ഒരു ഒറ്റപ്പെട്ട സംഭവമല്ല. പ്രകൃതിയും മനുഷ്യന്റെ അനിയന്ത്രിതമായ ഇടപെടലും കാരണമാകാറുണ്ട്. കാലാവസ്ഥാ വ്യതിയാനം ഇതിന് ആക്കം കൂട്ടുന്നു.
ചില കാര്യങ്ങൾ ദുരന്തത്തിനു മുമ്പുണ്ടാകുകയും പിന്തുടരുകയും ചെയ്യും.




**ഇങ്ങനെ, നമ്മൾ രണ്ടു രീതിയിൽ ദുരന്തങ്ങളെ അഭിമുഖീകരിക്കുന്നു**

- അടിയന്തിര സാഹചര്യമായ ദുരന്ത സംഭവത്തെ കൈകാര്യം ചെയ്യുകയും, സാഹചര്യം സാധാരണ നിലയിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു – **ദുരന്ത കൈകാര്യ നടപടി**
- ദുരന്ത ബാധിതരായ ജനങ്ങളുടെയും പ്രദേശങ്ങളുടെയും ദുർബലാവസ്ഥ കുറയ്ക്കാനുള്ള നടപടികൾ – **ദുരന്ത പരിഹാരം**

# ദുരന്ത കൈകാര്യ നടപടി– നമുക്ക് വിഭവങ്ങൾ ഉണ്ടോ?

## മാനുഷികം, ധനപരം, സാമഗ്രികൾ, കാര്യശേഷികൾ, വൈദഗ്ദ്ധ്യങ്ങൾ

വിഭങ്ങളും അവസരങ്ങളും രേഖപ്പെടുത്തൽ

ഇതിൽ:

- വിവിധ തരം ദുരന്തങ്ങളെക്കുറിച്ചുള്ള ജാഗ്രതയും അവബോധം സൃഷ്ടിക്കലും
- ദുരന്ത മുന്നറിയിപ്പുകൾ അവഗണിക്കാതിരിക്കാൻ പ്രബുദ്ധരാക്കുക
- വിവിധ തരം ദുരന്തങ്ങളിൽ നിന്നും രക്ഷനേടാൻ പറ്റുന്ന സുരക്ഷിതമായ സ്ഥലങ്ങളെക്കുറിച്ച് മുൻകൂട്ടി തിരിച്ചറിയൽ
- സുരക്ഷിത മാർഗ്ഗങ്ങൾ തിരിച്ചറിയൽ
- വിവരവിനിമയ മാർഗങ്ങൾ ഉറപ്പുവരുത്തൽ (വാക്കിടോക്കി, എഫ്.എം. റേഡിയോ, മൊബൈൽ ഫോൺ...)
- ലഭ്യമായ വാഹനങ്ങളെയും അവയുടെ ഉടമകളെയും തിരിച്ചറിയൽ
- തദ്ദേശ സ്വയംഭരണ സ്ഥാപന ദുരന്തനിവാരണ ഹെൽപ് ഡെസ്ക്
- സ്ഥാപിക്കപ്പെട്ട വൈദ്യുതി ഉപകരണങ്ങളെ തിരിച്ചറിയൽ
- ബന്ധപ്പെടേണ്ട ഏജൻസി/വ്യക്തികളെക്കുറിച്ചുള്ള ഡയറക്ടറി
- വിവിധ ദൗത്യങ്ങൾക്കായി മനുഷ്യ വിഭവങ്ങളുടെ തിരിച്ചറിയൽ
- ഗ്രാമത്തിലെ, സഹായകരമായേക്കാവുന്ന വ്യക്തികളെ തിരിച്ചറിയൽ

**ഗ്രാമത്തിലെ വിഭവങ്ങൾ തിട്ടപ്പെടുത്താനും ഒരു പരിശോധനാ പട്ടിക തയ്യാറാക്കാനുമുള്ള സമഗ്ര നടപടിയെടുക്കാൻ നമ്മുടെ ഗ്രാമസഭയ്ക്ക് സാധിക്കില്ലേ?**

**ഓർക്കുക, ഇത് സ്ഥിരമായ പരിശോധനയ്ക്ക് വിധേയമാക്കണം!**

**ഘട്ടം 5**

# പങ്കുകളും ഉത്തരവാദിത്വങ്ങളും

1. പട്ടിക 4 ൽ കാണിച്ചിരിക്കുന്ന പ്രകാരം പ്രവർത്തനങ്ങൾ വർഗ്ഗീകരിക്കുക
2. ഓരോ സാഹചര്യത്തിലും വിവിധ ഉത്തരവാദിത്വങ്ങൾ ചുമലിലേറ്റിയിട്ടുള്ള/ഏറ്റാൻ സാധ്യതയുള്ള വിവിധ പിന്തുണാ സ്ഥാപനങ്ങളെയും വ്യക്തികളേയും തിരിച്ചറിയുക.
3. അവരുടെ ശ്രമങ്ങളെ പ്രകീർത്തിക്കുക. അതോടൊപ്പം എന്തെങ്കിലും തരത്തിലുള്ള മെച്ചപ്പെടുത്തലിന് സാധ്യതയുണ്ടോ എന്ന് വിമർശനാത്മകമായി പരിശോധിക്കുക.
4. ഓരോ പ്രവർത്തനത്തിലും ശ്രദ്ധിക്കേണ്ട മർമ്മപ്രധാന കാര്യങ്ങൾ എന്തൊക്കെയാണെന്ന് എഴുതിവയ്ക്കുക

**പട്ടിക 4 പങ്കുകളും ഉത്തരവാദിത്വങ്ങളും**

| നമ്പർ പ്രവർത്തനം | പിന്തുണാ സ്ഥാപനം | ഉത്തരവാദിത്വപ്പെട്ട വ്യക്തി | പരിഗണിക്കേണ്ട മർമ്മപ്രധാന കാര്യങ്ങൾ |
|---|---|---|---|
| 1 നേരത്തേയുള്ള മുന്നറിയിപ്പ് | | ഹനീഫ | സാമീപ്യം, വിവരങ്ങൾ |
| 2. രക്ഷപ്പെടുത്തലും, ഒഴിപ്പിക്കലും | പോലീസ്/ അഗ്നിശമനസേന | ലളിത | പ്രത്യുത്പന്നമതിത്വം |
| 3. പ്രാഥമിക ശുശ്രൂഷ | പി.എച്ച്.സി ഉപകേന്ദ്രം | മോഹൻ | വൈദഗ്ദ്ധ്യം |
| 4. അഭയ പരിപാലനം | പഞ്ചായത്ത് | സെന്തിൽ | പ്രത്യുത്പന്നമതിത്വം, ഏകോപനം |
| 5. നാശനഷ്ടം വിലയിരുത്തൽ | അധികാരികൾ, ഗ്രാമീണർ | | വൈദഗ്ദ്ധ്യം |
| 6. മാനസിക ആഘാതമേറ്റവർക്ക് കൗൺസിലിംഗ് | സ്കൂൾ ടീച്ചർ | ഹെലൻ | വൈദഗ്ദ്ധ്യം സഹാനുഭൂതി |
| 7. ജലവും ശുചിത്വവും | പി എച്ച് സി | മോഹൻ | വിജ്ഞാനം ആധികാരികത |
| 8. മൃതദേഹങ്ങളുടെ നിർമ്മാജ്ജനം | | ചന്ദു | വൈദഗ്ദ്ധ്യം, ധൈര്യം |
| 9. ദുരിതാശ്വാസ പ്രവർത്തനം | പഞ്ചായത്ത് | രാജു | വൈദഗ്ദ്ധ്യം, ധൈര്യം |
| 10. ഗ്രാമസംരക്ഷണ പഞ്ചായത്ത് സംഘങ്ങൾ (പട്രോളിംഗ്) | | രവി | കൂട്ടുത്തരവാദിത്വം നിശ്ചയദാർഢ്യം |

5. സാധ്യതയുള്ള എല്ലാ ദുരന്തങ്ങൾക്കും പ്രത്യേകം പ്രത്യേകം ഷീറ്റുകളിൽ ഇത് ആവർത്തിക്കുക
6. ദുരന്തത്തിന്റെ ഇനമനുസരിച്ച് ഷീറ്റുകൾ വർഗ്ഗീകരിക്കുക
7. സാമ്യങ്ങൾക്കായി ഒത്തുനോക്കുക

| ചർച്ചകൾ | തീയതി | വേദി | ഉത്തരവാദിത്വം |
|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | | | |
| ദുരന്ത കൈകാര്യ കമ്മിറ്റിയിൽ | | | |
| ഗ്രാമസഭയിൽ | | | |

ഘട്ടം 6

# കരട് ദുരന്ത കൈകാര്യ പദ്ധതി

ഘട്ടം അഞ്ചിൽ നിന്നുള്ള ഷീറ്റുകൾ എടുക്കുക

1. ഓരോ പ്രവർത്തനത്തിനും ആവശ്യമായ വിവരം/വിജ്ഞാനം, വൈദഗ്ദ്ധ്യം/പരിശീലനം/മോക്ക് ഡ്രില്ലുകൾ, സാമഗ്രികൾ/സൗകര്യങ്ങൾ എന്നിവ തിരിച്ചറിയുക
2. ഓരോ ഘടകവും പുനഃസ്ഥാപിക്കാൻ ആവശ്യമായ പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കുക
3. എല്ലാ പ്രവർത്തനങ്ങൾക്കും ഇത് ആവർത്തിക്കണം

**പട്ടിക 5 കരട് ദുരന്ത കൈകാര്യ പദ്ധതി**

| നമ്പർ | പ്രവർത്തനം | വിവരം/വിജ്ഞാനം | വൈദഗ്ദ്ധ്യം/പരിശീലനം മോക്ക് ഡ്രിൽ | സാമഗ്രികൾ/ സൗകര്യങ്ങൾ |
|---|---|---|---|---|
| 1 | നേരത്തേയുള്ള മുന്നറിയിപ്പ് | കാലവസ്ഥാ നിരീക്ഷണം | വിവരശൃംഖല | ടെലിഫോൺ/ ഉച്ചഭാഷിണി |
| 2 | രക്ഷപ്പെടുത്തലും ഒഴിപ്പിക്കലും | പ്രദേശത്തിന്റെ മാപ്പിംഗ് | പരിശീലനം/ മോക്ക് ഡ്രിൽ | മാപ്പുകൾ, കിറ്റുകൾ, പണിയായുധങ്ങൾ |
| 3 | പ്രഥമ ശുശ്രൂഷ | വിവരങ്ങൾ | പരിശീലനം/ മോക്ക് ഡ്രിൽ | കിറ്റുകൾ |
| 4 | അഭയപരിപാലനം | വിവരങ്ങൾ | മോക്ക് ഡ്രിൽ | സൗകര്യങ്ങൾ |
| 5 | നാശനഷ്ടങ്ങൾ വിലയിരുത്തൽ | കെട്ടിടങ്ങളുടെ മാപ്പിംഗ് | | |
| 6 | മാനസികാസ്വാസ്ഥ്യം ബാധിച്ചവർക്കുള്ള കൗൺസിലിംഗ് | | പരിശീലനം | |
| 7 | ജലവും ശുചിത്വവും | കെട്ടിടങ്ങളുടെ മാപ്പിംഗ് | | സൗകര്യങ്ങൾ |
| 8 | മൃതദേഹങ്ങളുടെ നിർമ്മാർജ്ജനം | വിവരങ്ങൾ | പരിശീലനം | |
| 9 | ദുരിതാശ്വാസ പ്രവർത്തനങ്ങൾ | പ്രദേശത്തിന്റെ മാപ്പിംഗ് | | സൗകര്യങ്ങൾ |
| 10 | ഗ്രാമ സംരക്ഷണ സംഘം | പ്രദേശത്തെക്കുറിച്ചുള്ള അറിവ് | പരിശീലനം, മോക്ക് ഡ്രിൽ | |

4 ഓരോ തരം ദുരന്തത്തിനുമുള്ള പ്രവർത്തനങ്ങൾ വർഗ്ഗീകരിക്കുക

5 പ്രവർത്തനങ്ങൾക്ക് മുൻഗണന നിശ്ചയിക്കുക

6 മുൻഗണനയ്ക്ക് അനുസൃതമായി വിഭവങ്ങൾ കണ്ടെത്തുക

7 ഒരു നിശ്ചിത ദുരന്തത്തിനുള്ള കരട് പ്രവർത്തന പദ്ധതിയായി ഇത് രേഖപ്പെടുത്തുക

8 എല്ലാ ഷീറ്റുകളും ഫയൽ ചെയ്തു സൂക്ഷിക്കുക

9 ഇതിന്റെ പകർപ്പുകൾ ഗ്രാമസഭയിൽ വിതരണം ചെയ്യണം.

**നിശ്ചിത ഇടവേളകളിൽ എല്ലാ ഘട്ടങ്ങളും ആവർത്തിക്കണം,
കുറഞ്ഞ പക്ഷം വർഷത്തിൽ ഒരു തവണയെങ്കിലും**

| ചർച്ചകൾ | തീയതി | വേദി | ഉത്തരവാദിത്വം |
|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | | | |
| ദുരന്ത കൈകാര്യ കമ്മിറ്റിയിൽ | | | |
| ഗ്രാമസഭയിൽ | | | |

# ദുരന്തത്തെ നേരിടൽ

എങ്ങനെ?

**1 അപകടത്തിലായവർക്ക് മുന്നറിയിപ്പ് സംവിധാനങ്ങൾ ഉപയോഗിച്ച് അപായസൂചന നൽകുക**

- മുന്നറിയിപ്പ് സംവിധാനങ്ങളെ കുറിച്ച് പദ്ധതിയിൽ നിർവചിച്ചിരിക്കണം
- ആളുകളെ കണ്ടെത്തി പരിശീലനം നൽകുക

**2 മുൻഗണന നിശ്ചയിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക**

- ആദ്യം ആരെയാണ് രക്ഷിക്കേണ്ടത്?
- ആർക്കാണ് അപായസൂചന നൽകേണ്ടത്?

**3 രക്ഷാപ്രവർത്തനം ഉടനടി ആരംഭിക്കുക**

- ഏകോപിപ്പിക്കേണ്ടത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ
- ഭയവും ആശയക്കുഴപ്പവും ഒഴിവാക്കുക
- സന്നദ്ധപ്രവർത്തകരുടെയും സംഘങ്ങളുടെയും അടിയന്തിര യോഗം വിളിക്കുക
- ബന്ധപ്പെട്ട ഏജൻസികളെ വിവരം അറിയിക്കുക
- പ്രഥമ ശുശ്രൂഷ, ആരോഗ്യ സേവനങ്ങൾ സംഘടിപ്പിക്കുക




**അഗ്നിശമന സേന, പോലീസ് തുടങ്ങിയ ഏജൻസികളുടെ സഹായം ആവശ്യപ്പെടുകയും അത്തരം ഉദ്യോഗസ്ഥരുമായി ചേർന്ന് ആസൂത്രണം നടത്തുകയും ചെയ്യുക**

### 4 രക്ഷപ്പെടുത്തിയ ശേഷം, ദുരിതാശ്വാസം നൽകുക

താഴെ പറയുന്ന കാര്യങ്ങൾക്കായി വിവിധ ഏജൻസികളെ ഏകോപിപ്പിക്കുകയും ഒന്നിച്ച് കൊണ്ടു വരികയും ചെയ്യുക...

- താൽക്കാലിക അഭയം
- പ്രത്യേക സൗകര്യങ്ങൾ- സ്ത്രീകൾക്ക് ആവശ്യമായ സ്വകാര്യത നൽകുക, മുതിർന്ന പൗരന്മാർക്കും കുട്ടികൾക്കും യുക്തമായ സൗകര്യങ്ങൾ പരിഗണിക്കുക.
- ഭിന്നശേഷിക്കാർ, കിടപ്പിലായ രോഗികൾ, സാന്ത്വന ചികിത്സയിലുള്ളവർ എന്നിവർക്കുള്ള സൗകര്യങ്ങൾ
- ശേഷിച്ച വസ്തുക്കൾ തിരിച്ചുപിടിക്കൽ
- സുരക്ഷിതമായ കുടിവെള്ളം
- ആവശ്യമുള്ള ഭക്ഷണം
- വസ്ത്രങ്ങൾ
- ആരോഗ്യപരിപാലനവും ശുചിത്വവും
- ആരോഗ്യരക്ഷ- രോഗപ്രതിരോധവും ശമനവും ആശുപത്രി ശുശ്രൂഷയും



കുടിവെള്ളം സുരക്ഷിതമല്ല
എന്ന ഭയമുണ്ടെങ്കിൽ, തിളപ്പിക്കുന്നതിനോ
അരിച്ചെടുക്കുന്നതിനോ
ക്ലോറിൻ കലർത്തുന്നതിനോ ഉള്ള
ഏർപ്പാടുകൾ ചെയ്യുക.

**അയൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ജില്ലാ ഭരണകൂടവുമായും മറ്റ് ഏജൻസികളുമായും ഏകോപിച്ച് പ്രവർത്തിക്കുക.**

**കുട്ടികൾ, മുതിർന്ന പൗരന്മാർ, ശാരീരികശേഷി കുറഞ്ഞവർ, ദരിദ്രർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവർക്ക് സഹായം ഉറപ്പാക്കുക.**

**5. മൃതദേഹങ്ങളുടെ നിർമാർജനം**

- മരിച്ചവരെക്കാൾ ജീവിച്ചിരിക്കുന്നവർക്ക് മുൻഗണന നൽകുക
- മൃതദേഹങ്ങൾ ഉണ്ടാക്കിയേക്കാവുന്ന ആരോഗ്യപ്രശ്നങ്ങളെ കുറിച്ചുള്ള ഭീതി ഒഴിവാക്കുക
- മൃതദേഹങ്ങൾ തിരിച്ചറിയുകയും അടയാളപ്പെടുത്തുകയും ചെയ്യുക

നിങ്ങൾക്കറിയാമോ?

- മൃതദേഹങ്ങൾ നേരിട്ട് പകർച്ചവ്യാധികൾ സൃഷ്ടിക്കുകയോ പടർത്തുകയോ ചെയ്യില്ല. എന്നാൽ അവ അഴുകുമ്പോൾ ഉണ്ടാകുന്ന അണുക്കൾ പ്രശ്നകാരികളാണ്.



- അനുയോജ്യമായ മോർച്ചറി സംവിധാനങ്ങൾ പ്രദാനം ചെയ്യുക
- തിരിച്ചറിയാത്ത മൃതദേഹങ്ങളുടെ ചടങ്ങുകളില്ലാത്ത കൂട്ട അടക്കം ചെയ്യൽ ഒഴിവാക്കുക
- കുടുംബത്തിന്റെ അഭിലാഷങ്ങളോട് പ്രതികരിക്കുക
- സാംസ്കാരികവും മതപരവുമായ അനുഷ്ഠാനങ്ങളെ ബഹുമാനിക്കുക
- കൈകാര്യം ചെയ്യുമ്പോൾ ശരിയായ സുരക്ഷാ ഉപകരണങ്ങൾ ഉറപ്പാക്കുക
- കന്നുകാലികളുടെയും മറ്റു ജന്തുക്കളുടെയും ശവശരീരങ്ങൾ മറവുചെയ്യാൻ വെറ്റിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരമുള്ള നടപടികൾ എടുക്കുക

**6. നാശനഷ്ടങ്ങൾ കണക്കാക്കുക**

താഴെ പറയുന്നവയുടെ വിശദാംശങ്ങൾ ശേഖരിക്കുകയോ മറ്റ് ഏജൻസികളുമായി ചേർന്ന് വിവരങ്ങൾ ശേഖരിക്കുകയോ ചെയ്യുക

- ബാധിച്ച ജനസംഖ്യ, മരിച്ചവർ, പരിക്കേറ്റവർ, കാണാതായവർ
- ബാധിച്ച പ്രദേശങ്ങളും ശക്തിയും
- പൊതു, സ്വകാര്യ ആസ്തികൾക്കും അടിസ്ഥാനസൗകര്യങ്ങൾക്കും സംഭവിച്ചിട്ടുള്ള നാശനഷ്ടങ്ങൾ

ഓർക്കുക, നാശനഷ്ടങ്ങളെക്കുറിച്ചുള്ള ഈ വിലയിരുത്തൽ ആശ്വാസ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനുള്ള അടിത്തറ മാത്രമാണ്. പുനരുദ്ധാരണ പുനരധിവാസ പ്രവർത്തനങ്ങൾക്കായി, ആരോഗ്യം, മാനസികവും സാമൂഹികവുമായ ആഘാതം, ജീവസന്ധാരണം, പരിസ്ഥിതി എന്നിവ കൂടി കണക്കിലെടുത്തുകൊണ്ടുള്ള കൂടുതൽ വിശദമായ നാശനഷ്ട അവലോകനം നിങ്ങൾ ചെയ്യേണ്ടതുണ്ട്.



# ഒരിക്കലും പരിഭ്രാന്തരാകരുത്

***എന്നതാണ് ദുരന്ത കൈകാര്യത്തിലെ മൂലവാക്യം!***

# അതുകൊണ്ട്, പട്ടികയെക്കുറിച്ച് ഉറപ്പുവരുത്തുക

1 പൂർണമാണെന്ന് (എല്ലാ ബാധിത മേഖലകളെയും കുടുംബങ്ങളെയും വ്യക്തികളെയും ദുർബല വിഭാഗങ്ങളെയും ഉൾക്കൊള്ളുന്നുവെന്ന്).

2 കൃത്യമാണെന്ന്.

3 രൂക്ഷമായ ആഘാതമേറ്റവരെയും സാരമായി ബാധിച്ചവരെയും ദുർബലമായി ബാധിച്ചവരെയും തമ്മിൽ വേർതിരിച്ചിട്ടുണ്ടെന്ന്.

4 വ്യത്യസ്ത സംഘങ്ങളുമായും ഗ്രാമസഭയിലെ മുഴുവൻ സമൂഹവുമായും നടന്ന ചർച്ചയിലൂടെ സുതാര്യമായി തയ്യാറാക്കപ്പെട്ടതാണെന്ന്.

5 വിവിധ ഏജൻസികൾ ആശ്വാസ, പുരധിവാസ ജോലികൾ ആസൂത്രണം ചെയ്യുന്നതിനായി പട്ടിക ഉപയോഗിക്കുന്നതിനു മുമ്പ് അത് പരിശോധിച്ചുവെന്ന്.

**പിന്നീട്, താഴെപറയുന്നവയിലുണ്ടാകുന്ന ആഘാതം വിശദമായി നിർണയിക്കുക**

- ആരോഗ്യം
- സാമൂഹികമനസ്
- ജീവസന്ധാരണം
- പരിസ്ഥിതി

**ഇതിന് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ സഹായിക്കുന്നതിനായി വിദഗ്ധരുടെയും റിസോഴ്സ് പേഴ്സണുകളുടെയും പിന്തുണ തേടുക.**

**ഈ വിവരങ്ങളെല്ലാം തന്നെ ആശ്വാസം, പുനർനിർമാണം, പുനരധിവാസം എന്നിവ ആസൂത്രണം ചെയ്യുന്നതിന് നിങ്ങളെ സഹായിക്കും.**




ശേഷിക്കുന്ന വസ്തുക്കൾ വീണ്ടെടുക്കുന്നതിനായി ആളുകൾ അവരുടെ വീടുകളിലേക്കും പണിസ്ഥലങ്ങളിലേക്കും മടങ്ങിപ്പോകാൻ ശ്രമിച്ചാൽ എന്തു ചെയ്യാൻ സാധിക്കും? ദുരന്തം ഇനിയും അപകടഭീതി ഉയർത്തുന്നുണ്ടെങ്കിൽ, തീർച്ചയായും അവരെ തടയണം. സുരക്ഷിതമാണ് എന്നുറപ്പായാൽ വീണ്ടെടുക്കലിന് സൗകര്യം നൽകുക.

സുരക്ഷിതമായ സ്ഥലങ്ങളിലേക്ക് നീങ്ങിയ ദുരന്തബാധിതരായ ആളുകളെ സഹായിക്കുന്നതിനായിരിക്കും ദുരന്തസമയത്ത് കൂടുതൽ ശ്രദ്ധ. ചില ദുരന്തങ്ങളുടെ കാര്യത്തിൽ, ബാധിതർക്ക് ബാക്കിയായ അവരുടെ വസ്തുവകകൾ വീണ്ടെടുക്കാൻ സാധിച്ചു എന്നിരിക്കും. എന്നാൽ മറ്റു ചില ദുരന്തങ്ങളിൽ ഇത് സാധ്യമായെന്നു വരില്ല. ഇതിന്റെ ഫലമായി പൊതു, സ്വകാര്യ ജംഗമസ്വത്തുക്കൾ മോഷണ ഭീഷണി നേരിടുന്നു. ഇത്തരം സാധ്യതകളെക്കുറിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് മുൻകരുതൽ ഉണ്ടായിരിക്കണം.



**മോഷണവും കുടുതൽ നാശനഷ്ടങ്ങളും ഒഴിവാക്കുന്നതിനായി ജാഗ്രതാസംഘങ്ങൾ രൂപവത്കരിച്ച് റോന്തുചുറ്റാൻ നിയോഗിക്കണം.**

# ആരോഗ്യത്തിലുണ്ടാക്കുന്ന ആഘാതം എന്താണ്?

ദുരന്തശേഷം ആരോഗ്യ പ്രശ്നങ്ങൾ വർദ്ധിക്കും. ദുരന്താനന്തര സാഹചര്യത്തിൽ സംഭവിക്കാൻ സാധ്യതയുള്ള രോഗങ്ങളുടെ സൂചനാപട്ടിക താഴെ നൽകിയിരിക്കുന്നു.

| സാധ്യതയുള്ള രോഗങ്ങൾ | ആക്കംകൂട്ടാൻ സാധ്യതയുള്ള ഘടകങ്ങൾ |
|---|---|
| വയറിളക്കം | അമിത ജനസാന്നിധ്യം, ഭക്ഷ്യ, ജല മലിനീകരണം, ശുചിത്വത്തിന്റെ അഭാവം |
| ചിക്കൻപോക്സ് | അമിത ജനസാന്നിധ്യം, താഴ്ന്ന വാക്സിനേഷൻ വ്യാപ്തി |
| കടുത്ത ശ്വാസകോശ അണുബാധ | താൽകാലിക അഭയകേന്ദ്രങ്ങളിലെ ശുഷ്കമായ വായുസഞ്ചാരം, അമിത ജനസാന്നിധ്യം, വസ്ത്രങ്ങളുടെയും കമ്പിളികളുടെയും അഭാവം |
| മലേറിയ, ഡെങ്കിപ്പനി, ചിക്കൻഗുനിയ | വെള്ളം കെട്ടിക്കിടക്കുന്നതും കൊതുകുകൾ പെറ്റുപെരുകുന്നതും |
| മെനിൻജൈറ്റിസ് | മലിനജലം, രോഗസാന്ദ്രതയുള്ള പ്രദേശങ്ങളിൽ അമിത ജനസാന്നിധ്യം |
| ക്ഷയം | അമിത ജനസാന്നിധ്യം, പോഷകാഹാരങ്ങളുടെ അഭാവം |
| ടൈഫോയ്ഡ് | വ്യക്തി ശുചിത്വമില്ലായ്മ, പൊതുശുചിത്വത്തിന്റെ അഭാവം |
| ചിരങ്ങ് | വ്യക്തി ശുചിത്വമില്ലായ്മ, അമിത ജനസാന്നിധ്യം |
| അനീമിയ | പോഷകാഹാരക്കുറവ് |
| ഹെപ്പറ്റൈറ്റിസ് | ശുചിത്വക്കുറവ്, ഭക്ഷ്യ, ജല മലിനീകരണം |
| എലിപ്പനി | മലിനജലം |
| | |


1 നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന രോഗങ്ങളുടെ പട്ടിക തയാറാക്കുക

2 നിലവിലുള്ള സാഹചര്യത്തെയും രോഗങ്ങളുണ്ടായ സംഭവങ്ങളെയും കുറിച്ച് പ്രദേശിക ഡോക്ടറിൽ നിന്നോ പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ നിന്നോ മറ്റ് ആരോഗ്യ ശുശ്രൂഷാ ദാതാക്കളിൽ നിന്നോ വിവരങ്ങൾ ശേഖരിക്കുക.

# മറ്റുള്ളവർ എങ്ങനെയാണ് ചെയ്യുന്നത്?

എല്ലാ സുനാമികളും ഒരുപോലെ വിനാശകാരികളാണോ? അല്ല എന്നാണ് ഉത്തരം. നന്നായി തയ്യാറെടുത്ത സമൂഹങ്ങൾ കൊലയാളി സുനാമികളെ കൈകാര്യം ചെയ്തിട്ടുണ്ട്. അടുത്ത കാലങ്ങളിൽ തീവ്രതയേറിയ നിരവധി ഭൂകമ്പങ്ങൾ നടന്ന പസഫിക് മഹാസമുദ്രത്തിൽ, സമുദ്രത്തിന്റെ അടിത്തട്ടിലും ഉപരിതലത്തിലും സുനാമി നിരീക്ഷിക്കാനുള്ള സംവിധാനങ്ങൾ ഉണ്ട്. ഇതിന്റെ കേന്ദ്രനിലയത്തെ പ്രാദേശിക സ്വയം ഭരണ സർക്കാർ തലം വരെയുള്ള വിവിധ മുന്നറിയിപ്പു കേന്ദ്രങ്ങളുമായി ബന്ധിപ്പിച്ചിരിക്കുന്നു. സുരക്ഷിതമായ അഭയകേന്ദ്രങ്ങളും സാമൂഹിക സന്നദ്ധപ്രവർത്തകരും തുടർച്ചയായ അഭ്യാസങ്ങളിലൂടെ പരിശീലിപ്പിക്കപ്പെട്ട സംവിധാനങ്ങളും അവിടെയുണ്ട്. ഇത്തരം സമൂഹങ്ങൾ '***സുനാമിക്ക് തയ്യാറെടുത്ത***' സമൂഹങ്ങൾ എന്ന് അറിയപ്പെടുന്നു.



കാശ്മീർ, ഭുജ്, ഉത്തരകാശി, ലാത്തൂർ... ഭൂകമ്പ പട്ടിക തുടരുകയാണ്. ആളുകൾ കീടങ്ങളെപ്പോലെ മരിച്ചുവീഴുന്നു. ജപ്പാനിലെ ഭൂകമ്പങ്ങൾ പരിശോധിക്കുക- സമാനവും സ്ഥിരമായുള്ളതും ശക്തവുമാണ്. പക്ഷെ മരണം എപ്പോഴും പത്തിൽ താഴെയാണ്. അതൊരു അത്ഭുതമാണോ? ഭൂകമ്പത്തെ അതിജീവിക്കുന്ന കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി അവലംബിക്കുന്നുവെന്നതാണ് ഇതിന്റെ മർമപ്രധാന ഉത്തരം. ഇത് ചെലവേറിയതാണോ? അതെ, ഏകദേശം പത്തുശതമാനം ചെലവേറിയതാണ്. പക്ഷെ പ്രിയപ്പെട്ടവരുടെ നഷ്ടവുമായി അതിനെ താരതമ്യം ചെയ്തു നോക്കൂ.

# ഒരു ദുരന്തം തടയൽ/പരിഹാര പദ്ധതിയെന്നാൽ എന്താണ്?




- ഇതൊരു എഴുതപ്പെട്ട, അംഗീകരിക്കപ്പെട്ട, നടപ്പാക്കപ്പെട്ട, കാലാകാലങ്ങളിൽ പരീക്ഷിക്കപ്പെട്ട പരിപാടിയാണ്.
- ഒഴിവാക്കാവുന്ന ദുരന്തത്തിന്റെ വിപദ്സാധ്യത കുറയ്ക്കാനും ദുരന്തം സംഭവിച്ചാൽ പരമാവധി നഷ്ടം ലഘൂകരിക്കാനും ആവശ്യമായ എല്ലാ നടപടികളും കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു.
- സൗകര്യങ്ങൾ, അതിന്റെ ഭൂമിശാസ്ത്രപരമായ സ്ഥാനം അല്ലെങ്കിൽ വ്യവസായം എന്നിവയ്ക്ക് നേരിടാൻ സാധ്യതയുള്ള ദുരന്തങ്ങളെ സംബന്ധിച്ച സൂക്ഷ്മവും വിമർശനാത്മകവുമായ അവലോകനത്തിന്റെ അടിസ്ഥാനത്തിലുള്ളതാണത്.
- രക്ഷപ്പെട്ടവരെ സഹായിക്കുന്നു (സേവനങ്ങൾ നിലനിറുത്തുന്നതിലൂടെയും അടിസ്ഥാന സൗകര്യങ്ങൾ പൂർവസ്ഥിതിയിലാക്കുന്നതിലൂടെയും).
- ഇത് നിക്ഷേപശേഷിയെ സംരക്ഷിക്കുന്നു (പുനർനിർമ്മാണത്തിനുള്ള പുതിയ നിക്ഷേപങ്ങൾ ഒഴിവാക്കുന്നതിലൂടെ).


**താഴെ പറയുന്നവ പരിഹാര പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നു**

- സ്ഥാപനപരവും സംഘടനാപരവും ഘടനാപരവുമായ നടപടികൾക്കായി വിഭവങ്ങളുടെ വിഭജനം.
- ബന്ധപ്പെട്ട ആളുകൾക്ക് പരിശീലനം.
- വിവിധ തലങ്ങളിലുള്ള സംഘാടനം.

**ആശ്വാസദായകമായ ഇടപെടലിലൂടെയും അതിജാഗ്രതയോടെയും നമ്മൾ ദുരന്തങ്ങളെ നേരിടേണ്ടിയിരിക്കുന്നു.**


# നമുക്ക് ഒരുപാട് ചെയ്യാനുണ്ട്!

**1 ഇൻഷുറൻസ്**




പൊതു, സ്വകാര്യ സ്വത്തുകൾ ശരിയായ രീതിയിൽ ഇൻഷുർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക.

**2. നിയന്ത്രണങ്ങൾ**




സുരക്ഷ, ഭൂഉപയുക്തത, മേഖലാ (Zoning) നിയന്ത്രണങ്ങൾ, പരിസ്ഥിതി പരിപാലന നിയമങ്ങൾ പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.

**3. ചട്ടം**




കെട്ടിടങ്ങളുടെ നിർമാണവും അഗ്നിസുരക്ഷയും സംബന്ധിച്ച ചട്ടങ്ങൾ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുക.

**4. ഘടനാപരമായ നടപടികൾ**




അണക്കെട്ടുകൾ, ചിറകൾ, വെള്ളപ്പൊക്ക നിയന്ത്രണ നിർമ്മിതികൾ എന്നിവയുടെ സുരക്ഷാ ഘടകം, പരിസരത്തുള്ളവർക്കുള്ള മുന്നറിയിപ്പ് സംവിധാനങ്ങൾ

**5. പദ്ധതികൾ**




അഗ്നിബാധ, ഭൂകമ്പം മുതലായവയ്ക്കായി സംഭവ്യതാ പദ്ധതികൾ തയ്യാറാക്കൽ ഉറപ്പുവരുത്തുക.

**6. വിദ്യാഭ്യാസം**




പൊതുജന വിവരത്തിനും വിവരങ്ങളുടെ ദ്രുതഗതിയിലുള്ള വ്യാപനത്തിനുമായി പ്രചാരണ പ്രവർത്തനങ്ങൾ ആരംഭിക്കണം.

**7. പരിശീലനം**



ഡ്രില്ലുകളിലൂടെയും അഭ്യാസങ്ങളിലൂടെയും സന്നദ്ധ പ്രവർത്തകർക്കും സംഘാടകർക്കും ഗ്രാമീണർക്കും മേൽ ഉദ്യോഗസ്ഥർക്കും മറ്റു ജീവനക്കാർക്കും തുടർച്ചയായ പരിശീലനം.

**8. വിഭവങ്ങൾ**



നിശ്ചിത സ്ഥാനം, ബന്ധപ്പെടാനുള്ള നമ്പർ, ആളുകൾ എന്നിവയോടു കൂടിയ പ്രതികരണ യൂണിറ്റുകൾ സൃഷ്ടിക്കുകയും സജ്ജരാക്കുകയും ചെയ്യുക.

# ചില കാര്യങ്ങൾ കൂടി

- മരച്ചില്ലകൾ വെട്ടിയൊതുക്കുക
- കാനകൾ വൃത്തിയാക്കുക. ജലം കാനകളിലൂടെ ഒഴുകുന്നുവെന്ന് ഉറപ്പാക്കുക
- റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുക
- മരുന്ന്/ പാൽ/ ഭക്ഷ്യവസ്തുക്കളുടെ ലഭ്യത ഉറപ്പാക്കുക
- എമർജൻസി കിറ്റ് തയ്യാറാക്കൽ
- പവർബാങ്കിൽ വൈദ്യുതി ഉറപ്പാക്കുക
- ആംബുലൻസ് ലഭ്യത ഉറപ്പാക്കുക
- ക്വാറി അനുമതികൾ 'പ്രകൃതി അടുത്ത തലമുറയ്ക്കു കൂടി' എന്ന ചിന്തയിൽ മാത്രം തീരുമാനിക്കുക
- പുഴകൾ കൈയേറാതിരിക്കുക
- ജലനിർഗമനമാർഗങ്ങൾ തടസ്സപ്പെടുത്താതിരിക്കുക
- തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തുള്ള ഭിന്നശേഷിക്കാരുടെ വിവരങ്ങൾ, അവരുടെ ശാരീരിക അവസ്ഥ, താമസ സ്ഥലം എന്നിവ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുകയും രക്ഷാപ്രവർത്തനങ്ങൾക്ക് ഈ വിവരങ്ങൾ ഉപയോഗിക്കുകയും ചെയ്യണം. ഇവരുടെ വിവരങ്ങൾ disabiltiycensus@ikm.in എന്ന വെബ് വിലാസത്തിൽ ലഭ്യമാണ്.
- ചലനശേഷി താരതമ്യേന കുറഞ്ഞവരുടെയും ശയ്യാവലംബിതരായവരുടെയും വിവരങ്ങൾ പ്രത്യേകമായി സൂക്ഷിക്കുന്നതും (ജി.പി.എസ്. സ്ഥാനം അടയാളപ്പെടുത്തി) ഉചിതമാണ്.
- രക്ഷാപ്രവർത്തനങ്ങളിലും പുനർനിർമ്മാണ പ്രവർത്തനങ്ങളിലും സ്ത്രീകൾക്കും, വയോജനങ്ങൾക്കും, ഏകസ്ഥരായ വനിതകൾക്കും, സ്ത്രീ കുടുംബനാഥയായിട്ടുള്ള ഭവനങ്ങൾക്കും പ്രത്യേക ശ്രദ്ധ നൽകണം.
- വരും കാലങ്ങളിൽ എല്ലാ കുട്ടികൾക്കും, പ്രത്യേകിച്ച് പെൺകുട്ടികൾക്ക് നീന്തൽ പരിശീലനം നൽകണം.

**ഘട്ടം | 7**

# തദ്ദേശ സ്വയംഭരണ സ്ഥാപന ദുരന്ത പരിഹാര പദ്ധതി

1. ഓരോ ദുരന്തമായെടുക്കുകയും താഴെ പറയുന്ന അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്യുക.
2. ദുരന്തങ്ങളുടെ വർഗ്ഗീകരണത്തിനനുസരിച്ച് ഉത്തരങ്ങൾ തരംതിരിക്കുക.
3. പ്രവർത്തനങ്ങൾക്ക് മുൻഗണന നിശ്ചയിക്കുക.
4. ഷീറ്റുകൾ അടയാളപ്പെടുത്തുക.
5. പദ്ധതിയുടെ ഓരോ ഘടകത്തിനും ആവശ്യമായ വിഭവങ്ങൾ കണ്ടെത്തുക.
6. ദുരന്ത പരിഹാരത്തിനുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ കരട് പദ്ധതിയുടെ നിർണായക ഭാഗമാണിത്.

**പട്ടിക 6 പഞ്ചായത്ത് ദുരന്ത പരിഹാര പദ്ധതി**

| | |
|---|---|
| 1. ദുരന്തത്തിന്റെ കാരണം എന്താണ്? | കാലാവസ്ഥ വഹിക്കുന്ന പങ്ക് തിരിച്ചറിയുകയും അതിന്റെ രീതി വേർതിരിക്കുകയും ചെയ്യുക. |
| 2. ആരെ, എന്തായിരിക്കും ദുരന്തത്തിന്റെ ഫലം? | നദിയുടെ കരയിലുള്ള അടിസ്ഥാന സൗകര്യങ്ങളും ബന്ധപ്പെട്ട സമൂഹങ്ങളുടെ ദുർബലതയും കൃത്യമായി രേഖപ്പെടുത്തുക. |
| 3. എങ്ങനെയാണ് നാശനഷ്ടങ്ങൾ സംഭവിക്കുന്നത്? | അടിസ്ഥാന സൗകര്യങ്ങളുടെ നാശനഷ്ടത്തിലേക്കു നയിക്കുന്ന പ്രക്രിയയെക്കുറിച്ചും, നിലവിലുള്ള കെട്ടിടങ്ങളുടെ ക്ഷമതയെ സംബന്ധിച്ചും വ്യക്തമായ വിവരങ്ങൾ ശേഖരിക്കുക |
| 4 ദുരന്തത്തിനെതിരായ സംരക്ഷണം നടപ്പാക്കുന്നതെങ്ങനെ? | ശരിയായ രീതിയിലുള്ള കെട്ടിടങ്ങളും അടിയന്തിര ആശ്വാസ ആസൂത്രണവും കെട്ടിട നിർമാണ ചട്ടങ്ങളും രൂപകൽപന ചെയ്യുകയും നിർമ്മിക്കുകയും ചെയ്യുക. |
| 5. പ്രതിരോധ നിക്ഷേപങ്ങളുടെ ആയുർദൈർഘ്യം ഉറപ്പാക്കുന്നതെങ്ങനെ? | കെട്ടിടങ്ങൾ ശരിയായി കാത്തുസൂക്ഷിക്കുകയും മഴയുടെ തോതും ജലനിരപ്പും നദിയുടെ ഒഴുക്കും കെട്ടിടങ്ങളുടെ ആയുർദൈർഘ്യവും നിരീക്ഷിക്കുകയും ചെയ്യുക. |

| ചർച്ചകൾ | തീയതി | വേദി | ഉത്തരവാദിത്വം |
|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | | | |
| ദുരന്ത കൈകാര്യ കമ്മിറ്റിയിൽ | | | |
| ഗ്രാമസഭയിൽ | | | |


# നമ്മുടെ ആവശ്യങ്ങൾ നിർവചിക്കുകയും ശരിയായ ഏജൻസിയെ കണ്ടെത്തുകയും ചെയ്യുക

നമ്മുടെ പ്രദേശം താഴെ പറയുന്ന കാര്യങ്ങൾ ചെയ്യേണ്ടത് പ്രധാനമാണ്

- അതിന്റെ ആവശ്യങ്ങൾ കൃത്യമായി നിർവചിക്കുക
- ആർക്കാണ് സഹായിക്കാൻ സാധിക്കുക എന്ന് തീരുമാനിക്കുക

ഏതൊരു പുനർനിർമ്മാണവും പൂർണമായും ജനങ്ങളുടെ ആവശ്യങ്ങൾക്കനുസരിച്ചാണ് എന്ന് ഇത് ഉറപ്പുവരുത്തും.

ദുരന്തത്തിനുശേഷം ഭരണകർത്താക്കളെ കൂടാതെ, പുനർനിർമ്മാണത്തിനും പുനരധിവാസത്തിനും സഹായം വാഗ്ദാനം ചെയ്തുകൊണ്ട് നിരവധി ഏജൻസികൾ നമ്മുടെ ഗ്രാമം സന്ദർശിച്ചേക്കാം. നമുക്ക് ഒരു പദ്ധതിയില്ലെങ്കിൽ, അവർ ഒന്ന് വികസിപ്പിച്ചേക്കാം. ഇത് നമ്മുടെ ആവശ്യങ്ങൾ പൂർണമായി നടപ്പാക്കുന്നതോ അല്ലാത്തതോ ആകാം. ചിലപ്പോൾ ഇത് ഒരേ ആവശ്യങ്ങൾ മാത്രം നിറവേറ്റുന്നതാകാം. അതുകൊണ്ട്, നമ്മുടെ ഗ്രാമസഭ അംഗീകരിച്ച ഒരു പദ്ധതി ഉണ്ടായിരിക്കുന്നതാണ് അനുയോജ്യം. ഏജൻസികളുമായുള്ള ചർച്ചയിൽ നമുക്ക് ഇത് ഉപയോഗിക്കാനും അനുയോജ്യരായ പങ്കാളികളെ കണ്ടെത്താനും സാധിക്കും. അതേസമയം ഒരു തുറന്ന സമീപനം സ്വീകരിക്കുക വഴി ഏജൻസികൾ സമർപ്പിക്കുന്ന ഉപകാരപ്രദമായ നിർദ്ദേശങ്ങളോ നൂതനമായ ആശങ്ങളോ നമുക്ക് സ്വീകരിക്കാൻ സാധിച്ചേക്കാം. ഇതിനെ നമ്മുടെ പദ്ധതിയുമായി സംയോജിപ്പിക്കുക.



**ഘട്ടം 8**

# ഉപസംഹാരം

1 മുൻ അഭ്യാസങ്ങളിൽ തയ്യാറാക്കിയ ഷീറ്റുകൾ ഇൻഡക്സ് പ്രകാരം സമാഹരിക്കുക.

2. അസ്ഥിരതകളും വിടവുകളും ഉണ്ടോ എന്ന് പരിശോധിക്കുക

3. വിവിധ ഏജൻസികളുടെയും മാനുവലുകളുടെയും സഹായം തേടുക

4. ഈ വർഷത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന ദുരന്ത കൈകാര്യ, പരിഹാര പദ്ധതികൾ അച്ചടിക്കുക

5. ഇത് ജനങ്ങൾക്ക് വിതരണം ചെയ്യുക

6. ഡ്രില്ലുകൾ, അഭിപ്രായ ഐക്യങ്ങൾ മുതലായവ സ്ഥാപനവൽക്കരിക്കുക.

7. എല്ലാ പ്രക്രിയകളും ഒരു നിശ്ചിത കാലയളവിൽ ആവർത്തിക്കണം, വർഷത്തിലൊരിക്കലെങ്കിലും.




| ചർച്ചകൾ | തീയതി | വേദി | ഉത്തരവാദിത്വം |
|---|---|---|---|
| തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ | | | |
| ദുരന്ത കൈകാര്യ കമ്മിറ്റിയിൽ | | | |
| ഗ്രാമസഭയിൽ | | | |

# പുനർനിർമ്മാണം

ദുരന്തത്തിനു മുമ്പുള്ള ദുർബലാവസ്ഥ പുനർനിർമ്മിക്കുന്നതിനല്ല മുൻഗണന. പകരം ദുർബലാവസ്ഥയുടെ കാരണങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പരിഹരിക്കാനുതകുന്ന കർമ്മപദ്ധതിക്കായിരിക്കണം മുൻതൂക്കം നൽകേണ്ടത്. ദുരന്തത്തിലൂടെ നാശനഷ്ടം സംഭവിച്ച അടിസ്ഥാന സൗകര്യങ്ങളും പരിസ്ഥിതിയും പരിഷ്കരിക്കുന്നതിലൂടെയാകാം ഇത്.

താഴെ പറയുന്ന കാര്യങ്ങളിൽ നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ ആളുകളുമായി ചർച്ച നടത്തുക:

- മുകളിൽ പറഞ്ഞ കാര്യങ്ങൾക്കായുള്ള ആവശ്യങ്ങൾ
- മുൻഗണന നിശ്ചയിക്കുക (ഇത്, എന്താണ് ആദ്യം ആവശ്യമെന്നതിനെക്കുറിച്ചും എന്താണ് അതുകഴിഞ്ഞ് ചെയ്യേണ്ടതെന്നതിനെക്കുറിച്ചും കൃത്യമായ ധാരണ നൽകും. മാത്രമല്ല, സഹായം വാഗ്ദാനം ചെയ്യുന്ന ഏജൻസികളുമായി ആശയവിനിമയം നടത്തുമ്പോൾ ഇത് വളരെ ഉപകാരപ്രദമായിരിക്കും).

പുനർനിർമ്മാണം ആസൂത്രണം ചെയ്യുമ്പോൾ,
**ഉറപ്പാക്കുക**,


- ദുരന്തത്തിന്റെ സ്വഭാവത്തെയും വ്യാപ്തിയേയും കുറിച്ച് വിശ്വസനീയമായ വിലയിരുത്തലുകളുടെ അടിസ്ഥാനത്തിലാണ് പുനരധിവാസ പദ്ധതി.
- പാരിസ്ഥിതിക ചട്ടങ്ങളായ കടലിൽ നിന്നും നദിയിൽ നിന്നുമുള്ള ദൂരം, ചതുപ്പുപ്രദേശം, മലയോരങ്ങൾ, സുരക്ഷിതമായ സ്ഥാനങ്ങൾ കണ്ടെത്തൽ, രൂപകല്പന, സുരക്ഷിത നിർമാണത്തിനാവ ശ്യമായ സാങ്കേതികതകളും സാമഗ്രികളും, ദുരന്തപ്രതിരോധ കെട്ടിടങ്ങൾ തുടങ്ങിയവ.
- നീർത്തടാധിഷ്ഠിത സമഗ്രാസൂത്രണത്തിന് പ്രാധാന്യം നൽകുക. നദീതടങ്ങളുടെ സംരക്ഷണം ഉറപ്പുവരുത്തുക.
- ദുർബലാവസ്ഥയിലുള്ള എല്ലാ ആളുകളെയും കണ്ടെത്തുകയും പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്നും അതുകൊണ്ടുതന്നെ പുനർനിർമാണ പ്രവർത്തനങ്ങളിൽ നിന്ന് അവർക്കു ലഭിക്കേണ്ടത് ലഭിക്കുമെന്നും ഉറപ്പാക്കുക.
- ദുരന്തത്തിൽ അംഗഭംഗം വന്നവർക്കോ രോഗാവസ്ഥയിലായവർക്കോ ഉള്ള സഹായം ഉറപ്പാക്കണം
- നഷ്ടപ്പെട്ട ജീവനോപാധി മാർഗ്ഗങ്ങൾ തിരിച്ചുപിടിക്കാനുള്ള സഹായം കണ്ടെത്തുക
- കുടുംബശ്രീ പോലെയുള്ള കൂട്ടായ പ്രവർത്തനങ്ങളിലൂടെ ദുരന്തത്തെ അതിജീവിക്കാനള്ള കരുത്തു നേടുക
- ദീർഘകാല ആവശ്യങ്ങൾ നേടിയെടുക്കാനുള്ള അവസരം ഉപയോഗിക്കുക. ഉദാഹരണത്തിന്, നേരത്തെ നിലവിലില്ലാതിരുന്ന പുതിയ ഇടറോഡുകൾ വികസിപ്പിക്കാൻ നിങ്ങൾക്കു സാധിക്കും.
- സാധ്യമെങ്കിൽ, മറ്റു പ്രദേശങ്ങളിലെ പുനർനിർമ്മാണ അനുഭവങ്ങൾ പഠിക്കാനും പ്രയോഗിക്കാനും ശ്രമിക്കുക.

# നാശനഷ്ടം വിലയിരുത്തൽ

പാർപ്പിടം, സാമൂഹിക അടിസ്ഥാനസൗകര്യങ്ങൾ എന്നീ മേഖലകളിലെ നാശനഷ്ടം വിലയിരുത്തുന്നതിന് അനുബന്ധത്തിലുള്ള പട്ടിക 11 നിങ്ങളെ സഹായിക്കും. പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനാവശ്യമായ വിവരങ്ങൾ അത് പ്രദാനം ചെയ്യും.




1 നാശനഷ്ടം സംഭവിച്ച വീടുകളുടെ എണ്ണവും അതിന്റെ വ്യാപ്തിയും



2 പൊതു കെട്ടിടങ്ങൾ (അംഗനവാടികൾ, സ്കൂളുകൾ, ആരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, പഞ്ചായത്ത് കെട്ടിടം, പൊതു വിതരണ ശൃംഖലയിലുള്ള കട, വോക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, മറ്റേതെങ്കിലും സർക്കാർ കെട്ടിടങ്ങൾ)




3 അടിസ്ഥാന സൗകര്യങ്ങൾ (കുടിവെള്ള വിതരണം, ഇടറോഡുകൾ, മാലിന്യ സംസ്കരണം, ഓടകൾ, വൈദ്യുതി, വാർത്താ വിതരണം എന്നിവ ഉൾപ്പെടെ). ഇവിടെ, ഭൗതികനഷ്ടത്തിനു പുറമെ ഗുണപരമായ നഷ്ടത്തെക്കുറിച്ചുകൂടി നിങ്ങൾ ബോധവാനായിരിക്കണം. ഉദാഹരണത്തിന്, ജലമലിനീകരണം. ഇത് വിലയിരുത്തുമ്പോൾ എറ്റവും രൂക്ഷമായി ബാധിച്ചവരെ തിരിച്ചറിയുക. അതുവഴി ആശ്വാസ പ്രവർത്തനത്തിനും പുനർനിർമാണത്തിനും പുനരധിവാസത്തിനും മുൻഗണന നിശ്ചയിക്കാനാവും.




4 സമൂഹത്തിന്റെ ഉടമസ്ഥതയിലുള്ള നിർമ്മിതികൾ (ടാങ്കുകൾ, കിണറുകൾ, കമ്മ്യൂണിറ്റി ഹാളുകൾ, കന്നുകാലി അഭയകേന്ദ്രങ്ങൾ, മതപരമായ കെട്ടിടങ്ങളും ഇടങ്ങളും, സഹകരണ മന്ദിരങ്ങൾ)



5 വാണിജ്യ സ്ഥാപനങ്ങൾ (കടകൾ പോലുള്ളവ)



6 ആസ്തികൾ (ഭൂമി, വാഹനങ്ങൾ)

അനുബന്ധത്തിലെ പട്ടിക 11 ൽ നൽകിയിരിക്കുന്ന മാതൃകാ ഷീറ്റിൽ ശേഖരിച്ച വിവരങ്ങൾ രേഖപ്പെടുത്താം.

**ഓരോ കെട്ടിടം/സേവനം/അടിസ്ഥാന സൗകര്യത്തിനും നമ്മൾ ഈ മാതൃകാ ഷീറ്റ് പൂരിപ്പിക്കണം.**

# മാനസിക ആഘാതമേറ്റവർക്കുള്ള പരിപാലനം

ദുരന്തബാധിതർ മനശ്ചാഞ്ചല്യത്തിന്റെ ലക്ഷണങ്ങൾ കാണിക്കാറുണ്ട്. ഉദാഹരണമായി, ഇത് ദേഷ്യം, അസ്വസ്ഥത, ഉറക്കമില്ലായ്മ, പ്രവർത്തനങ്ങളിൽ നിന്നുള്ള പിൻവാങ്ങൽ, വർദ്ധിച്ച ഉത്കണ്ഠ, കുട്ടികളുടെ പേടിസ്വപ്നങ്ങൾ തുടങ്ങിയ പ്രതികരണങ്ങളിലൂടെ പ്രതിഫലിക്കുന്നു.

ബാധിതരായ ജനങ്ങളുടെ ദുരന്താനന്തര അനുഭവങ്ങളെ കൂടി ആശ്രയിച്ചാണ് മാനസികാഘാതത്തിന്റ വ്യാപനവും നിലനിൽപും.



നമുക്ക് നമ്മുടെ ജനങ്ങളെ ബോധവൽക്കരിക്കേണ്ടിയിരിക്കുന്നു. ഇത് ഒരസ്വാഭാവിക പെരുമാറ്റമല്ല, മറിച്ച് ഒരസാധാരണ അനുഭവത്തോടുള്ള സാധാരണ പ്രതികരണമാണ്.

# ഏകോപനവും മേൽനോട്ടവും

പുനർനിർമാണ പുനരധിവാസ പ്രവർത്തനങ്ങൾ ദീർഘകാലം നീണ്ടുനിന്നേക്കാം.

നമ്മുടെ ആളുകൾക്ക് ശരിയായ ഫലം ലഭിക്കുവാൻ, നമുക്ക് താഴെപ്പറയുന്ന കാര്യങ്ങൾ ആവശ്യമാണ്.

- ലക്ഷ്യങ്ങൾ, വിവിധ സ്റ്റേക്ക്ഹോൾഡർമാരുടെ ഉത്തരവാദിത്വങ്ങൾ, നടപ്പാക്കുന്നതിന്റെ ആസൂത്രണം എന്നിവയെക്കുറിച്ചുള്ള വ്യക്തമായ ധാരണ.
- ഏകോപന, മേൽനോട്ട പ്രവർത്തനങ്ങളിൽ പഞ്ചായത്തിന്റെയും മറ്റുള്ളവരുടെയും പങ്ക് നിർവചിച്ചിക്കുക.
- നിർദിഷ്ട സംവിധാനത്തെ കുറിച്ച് സമൂഹവുമായി ചർച്ച.
- നമ്മുടെ ജനങ്ങളുടെ കാഴ്ചപ്പാടുകളെ സംബന്ധിച്ച് വിവിധ ഏജൻസികളെ കൃത്യമായി ധരിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നുറപ്പാക്കുക.
- ഭരണകൂടവുമായും മനുഷ്യാവകാശ ഏജൻസികളുമായും വിശദമായ ചർച്ചകൾ നടത്തുക.
- ആവശ്യമായ ഏകോപന, മേൽനോട്ട സംവിധാനങ്ങളുടെ രീതി നിർവ്വചിക്കുക.
- ആഗ്രഹിച്ചതുപോലെ പദ്ധതി നടപ്പിലാവുന്നു എന്നുറപ്പാക്കാൻ മേൽനോട്ട സംഘവും ദുരന്തബാധിതരായ പൗരന്മാരും സ്പോൺസർ ചെയ്യുകയും നടപ്പാക്കുകയും ചെയ്യുന്ന ഏജൻസികളും തമ്മിലുള്ള ഫലപ്രദമായ ഏകോപനം അത്യന്താപേക്ഷിതമാണ്.



# ചെക്ക് ലിസ്റ്റ്

## തദ്ദേശ സ്വയംഭരണ സ്ഥാപന അദ്ധ്യക്ഷ/ൻ

| ക്ര.നം | ചെക്ക് ലിസ്റ്റ് | ഉണ്ട് | ഇല്ല | തുടർനടപടി |
|---|---|---|---|---|
| 1. | എല്ലാ വാർഡുകളിലും വാർഡ്തലസമിതികൾ രൂപീകരിച്ചുവോ | | | |
| 2. | സന്നദ്ധപ്രവർത്തകർ ആവശ്യപ്രകാരം ലഭ്യമാണോ | | | |
| 3. | ഇല്ലായെങ്കിൽ സ്വീകരിച്ച അനന്തര നടപടി (മേലുദ്യോഗസ്ഥരേയും മറ്റ് സ്ഥലങ്ങളിലെ വളണ്ടിയർ സംവിധാനങ്ങളേയോ സമീപിക്കാൻ കഴിഞ്ഞുവോ | | | |
| 4. | വളണ്ടിയർ സ്ക്വാഡുകളുടെ തദ്ദേശതല ഏകോപനം സാധ്യമാകുന്നുണ്ടോ | | | |
| 5. | വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഏകോപന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ | | | |
| 6. | സ്ത്രീകൾ പ്രത്യേകമായി അനുഭവിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും നടപടികൾ എടുക്കുന്നതിനുമായുള്ള സ്ത്രീകളുടെ സംഘങ്ങളുടെ പ്രവർത്തനം വിലയിരുത്തുന്നുണ്ടോ | | | |
| **വെള്ളം ഇറങ്ങുമ്പോൾ** | | | | |
| 1. | വെള്ളം കയറിയ വീടുകൾ മുഴുവനായി കണ്ടെത്തുവാനുള്ള ചുമതലക്കാരെ നിശ്ചയിച്ചുവോ | | | |
| 2. | എത്ര വീടുകൾ ഇതിനകം വൃത്തിയാക്കുന്നതിനും ആളുകളെ പ്രവേശിപ്പിക്കുന്നതിനും കഴിഞ്ഞു എന്നതിന്റെ വിവരം ലഭിക്കുന്നതിന് വേണ്ട ചമുതല നൽകിയോ | | | |

| | | | | |
|---|---|---|---|---|
| 3.<br><br><br><br>4. | വൃത്തിയാക്കാനാവശ്യമായ സാധന സാമഗ്രികൾ (ബ്ലീച്ചിംഗ് പൗഡർ, ഗ്ലൗസ്, വൈപ്പർ തുടങ്ങിയവ) ശേഖരിച്ചു വിതരണം ചെയ്യുന്നതിനുള്ള ചുമതലക്കാരെ കണ്ടെത്തിയോ<br>ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വളണ്ടിയർമാരുടെ ഏകോപന ചുമതല നൽകിയിട്ടുണ്ടോ | | | |
| **മാലിന്യ സംസ്ക്കരണം** | | | | |
| 1.<br><br><br>2. | മാലിന്യങ്ങൾ കുമിഞ്ഞുകൂടി കിടക്കുന്ന സ്ഥലം കണ്ടെത്താനും നീക്കം ചെയ്യാനും ഉള്ള ചുമതല നൽകിയിട്ടുണ്ടോ<br>മാലിന്യം നീക്കം ചെയ്ത പ്രദേശം അണുവിമുക്തമാക്കാനുള്ള സാമഗ്രികൾ ലഭ്യമാക്കാനും അണുവിമുക്തമാക്കുവാനും ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുണ്ടോ | | | |
| **കുടിവെള്ളവും ഭക്ഷണവും** | | | | |
| 1.<br><br><br><br><br>2.<br><br><br><br>3.<br><br><br><br>4. | പഞ്ചായത്തിലെ കുടിവെള്ളം ലഭ്യമല്ലാത്ത പ്രദേശങ്ങൾ കണ്ടെത്തുന്നതിനും അവിടേക്ക് ശുദ്ധമായ കുടിവെള്ളം എത്തിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കി വിതരണം ചെയ്യുന്നതിനുമുള്ള ചുമതല നൽകിയിട്ടുണ്ടോ<br>കുടിവെള്ള വിതരണം ഉറപ്പാക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ കുപ്പിവെള്ള വിതരണമടക്കമുള്ള താൽക്കാലിക നടപടികൾ ഏർപ്പാടാക്കിയിട്ടുണ്ടോ<br>അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്താനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥരെ ഏൽപ്പിച്ചോ<br>വീടുകളിലെ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കി കുടിക്കാൻ ഉപയുക്ത | | | |

| | | | | |
|---|---|---|---|---|
| | മാക്കാനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചിട്ടുണ്ടോ | | | |
| 5. | വീടുകളിൽ തിരിച്ചുപോയി താമസിക്കുന്ന വർക്ക് നിത്യോപയോഗസാധനങ്ങൾ (ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും അടക്കം) ലഭ്യമാക്കാൻ ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ | | | |
| **വീടുകളും കെട്ടിടങ്ങളും** | | | | |
| 1. | ക്യാമ്പിൽ നിന്ന് തിരിച്ചുപോയി താമസമാക്കിയ വീടുകളുടെ ബലക്ഷമതയും സുരക്ഷിതത്വവും ഉറപ്പ് വരുത്തുവാൻ ഉതകുന്ന സാങ്കേതിക സംഘത്തെ ഒരുക്കിയിട്ടുണ്ടോ | | | |
| 2. | വീടുകൾ വാസയോഗ്യമാക്കാനുള്ള അടിയന്തിര സംവിധാനങ്ങൾ (പ്ലംബിംഗ്, വയറിംഗ്, ഉപകരണങ്ങൾ നന്നാക്കൽ, മരപ്പണി മുതലായവ) ഒരുക്കുന്നതിനായി ഒരു ടീമിനെ രൂപപ്പെടുത്തി ഉത്തരവാദിത്തം നൽകിയിട്ടുണ്ടോ | | | |
| **വൈദ്യുതാഘാതം** | | | | |
| 1. | വൈദ്യുതാഘാതത്തിന് കാരണമായ മരങ്ങളും മറ്റ് പ്രതിബന്ധങ്ങളും കണ്ടെത്താനും നീക്കം ചെയ്യുവാനും ആവശ്യമായ ചുമതല നൽകിയിട്ടുണ്ടോ | | | |
| 2. | വീടുകളിലേക്കുള്ള വൈദ്യുത ബന്ധം പുനഃസ്ഥാപിക്കുന്നതിന് വൈദ്യുത ബോർഡുമായി ബന്ധപ്പെട്ടിട്ടുണ്ടോ | | | |
| 3. | ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്താനുള്ള സാങ്കേതിക സംഘത്തെ രൂപീകരിച്ചിട്ടുണ്ടോ | | | |

| | | | | | |
|---|---|---|---|---|---|
| **രോഗ പ്രതിരോധ സംവിധാനങ്ങൾ** | | | | | |
| 1. | പകർച്ച വ്യാധികൾ ഉണ്ടാകാൻ സാധ്യതയുള്ള പ്രദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടോ | | | | |
| 2. | പകർച്ച വ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ എടുക്കുന്നതിനും ആരോഗ്യസേനയെ ഉത്തരവാദിത്തം ഏൽപ്പിച്ചിട്ടുണ്ടോ | | | | |
| **ജലജന്യ രോഗങ്ങൾ പ്രതിരോധിക്കൽ** | | | | | |
| 1. | കെട്ടിക്കിടക്കുന്ന ജലാശയങ്ങൾ അണുവിമുക്തമാക്കാനുള്ള നടപടികൾക്കായി വാർഡുതല ശുചിത്വ സമിതിയുടെ പ്രവർത്തന ഏകോപനം നടത്തിയോ | | | | |
| **ജന്തു സംരക്ഷണം ജന്തു ജന്യ രോഗങ്ങൾ** | | | | | |
| 1. | ജന്തുജന്യ, ജലജന്യ രോഗങ്ങളുമായി ബന്ധപ്പെട്ട ബോധവത്ക്കരണം നടത്തുന്നതിന് മൃഗ സംരക്ഷണ ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടുണ്ടോ | | | | |
| 2. | ചത്തുകിടക്കുന്ന പക്ഷി മൃഗാദികളുടെ ശാസ്ത്രീയ സംസ്കരണത്തിനുള്ള നടപടികളായോ? | | | | |
| 3. | വളർത്തുമൃഗങ്ങളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് അവയുടെ ഭക്ഷണം, കുടിവെള്ളം ഉറപ്പ് വരുത്താൻ ചുമതല നൽകിയോ | | | | |
| **ഭക്ഷ്യ വിഷബാധ തടയൽ** | | | | | |
| 1. | അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്താനുള്ള ഉത്തരവാദിത്തം ഉദ്യോഗസ്ഥരെ ഏൽപ്പിച്ചോ | | | | |

| | | | | |
|---|---|---|---|---|
| **കൊതുകുജന്യ രോഗങ്ങൾ** | | | | |
| 1. | കെട്ടിക്കിടക്കുന്ന ജലാശയങ്ങളെ കൊതുകു വിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ വാർഡ്തല ശുചിത്വ സമിതിക്ക് ചുമതലയും ഏകോപനവും നൽകിയോ | | | |
| 2. | കൊതുക് നിവാരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ (ഫോഗിംഗ് ഉൾപ്പെടെ) | | | |
| **രോഗികൾ/ അഗതികളുടെ പരിചരണവും പ്രത്യേക മേൽനോട്ടവും** | | | | |
| 1. | കിടപ്പ് രോഗികളുടേയും മാറാരോഗികളുടേയും സംരക്ഷണവും മരുന്നിന്റെ ലഭ്യതയും ഉറപ്പ് വരുത്തുന്നതിന് ആരോഗ്യവകുപ്പിന് ചുമതല നൽകിയിട്ടുണ്ടോ | | | |
| **തുടർ (ബോധവത്കരണ) പ്രവർത്തനം (ഐ.ഇ.സി., ബി.സി.സി)** | | | | |
| 1. | ക്യാമ്പിൽ നിന്ന് തിരിച്ച് വീട്ടിൽ താമസിക്കുന്നവരുമായി നിരന്തരം സമ്പർക്കം പുലർത്തുന്നതിനുള്ള (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്) പദ്ധതി വാർഡ്തല ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് തയ്യാറാക്കിയിട്ടുണ്ടോ | | | |
| 2. | ക്യാമ്പിൽ വരാതെ ബന്ധുവീടുകളിലും സുഹൃത്തുക്കളുടെ വീടുകളിലും അഭയം തേടിയവരുമായി സമ്പർക്കം പുലർത്തുന്നതിനുള്ള പദ്ധതി വാർഡ്തല ജനപ്രതിനിധികളുമായി കൂടിയാലോചിച്ച് തയ്യാറാക്കിയിട്ടുണ്ടോ | | | |
| 3. | കുട്ടികളുടെ മാനസികോല്ലാസങ്ങൾ ഉറപ്പാക്കാനുള്ള കൂട്ടായ്മകൾ (ബാലസഭ, കളിവിനോദങ്ങൾ) സംഘടിപ്പിക്കാൻ വാർഡ് മെമ്പർ, അദ്ധ്യാപകർ, കുടുംബശ്രീ എന്നിവരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ | | | |
| 4. | മനശ്ശാസ്ത്രപരമായ സുരക്ഷിതത്വം ഉറപ്പാക്കാനാവശ്യമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം | | | |

| | | | | |
|---|---|---|---|---|
| | നൽകുന്നതിനും (ഉദാ ആവശ്യമെങ്കിൽ കൗൺസിലിംഗ്, ഗൃഹസന്ദർശനം) അദ്ധ്യാപകരുടെ സേവനം വിനിയോഗിക്കുന്നതിനും ഏകോപന ചുമതല നൽകിയിട്ടുണ്ടോ | | | |
| 5. | കുട്ടികളെ സ്ക്കൂളുകളിൽ/അങ്കണവാടികളിൽ തിരിച്ച് പ്രവേശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ (കെട്ടിടങ്ങളുടെ ബലക്ഷമത ഉറപ്പ് വരുത്തൽ ഉൾപ്പെടെ) സ്വീകരിക്കുന്നുണ്ടോ | | | |
| 6. | പൊതുജനങ്ങൾക്ക് ബോധവത്ക്കരണത്തിനുള്ള അറിയിപ്പുകൾ നൽകുവാൻ ആവശ്യമായ പ്രചരണം, മൈക്ക് അനൗൺസ്മെന്റ്, പൊതുനോട്ടീസ് ബോർഡുകൾ തുടങ്ങിയവ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ | | | |
| **നിയമപരമായ ഇടപെടലുകൾ** | | | | |
| 1. | പ്രദേശങ്ങളിൽ (പ്രത്യേകിച്ച് ഒറ്റപ്പെട്ട വീടുകളിൽ) അപരിചിതരുടെ സാന്നിദ്ധ്യമുണ്ടോയെന്ന് അറിയുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ | | | |
| 2. | സാമൂഹ്യവിരുദ്ധ സമീപനങ്ങളായ മായം ചേർക്കൽ, പൂഴ്ത്തിവെയ്പ്പ്, അമിത വില ഈടാക്കൽ തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടാൽ എടുക്കേണ്ട നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾക്ക് (ഭക്ഷ്യ സുരക്ഷാ വകുപ്പ്, അളവ്തൂക്ക വകുപ്പ്, പോലീസ്) ചുമതല നൽകിയിട്ടുണ്ടോ | | | |
| 3. | സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും നഷ്ടപ്പെട്ടവർക്ക് ജില്ലാ അദാലത്തിൽ/മറ്റ് ബന്ധപ്പെട്ട ഏജൻസികളുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാനാകുന്നുണ്ടോ | | | |

## തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി

| ക്ര.നം | ചെക്ക് ലിസ്റ്റ് | ഉണ്ട് | ഇല്ല | തുടർനടപടി |
|---|---|---|---|---|
| 1. | എല്ലാ വാർഡുകളിലും വാർഡ്തലസമിതികൾ രൂപീകരിച്ചു കഴിഞ്ഞുവോ | | | |
| 2. | വാർഡുകളിൽ ആവശ്യാനുസരണം സന്നദ്ധ പ്രവർത്തകർ ലഭ്യമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ | | | |
| 3. | ഇല്ലായെങ്കിൽ അനന്തരനടപടികൾ സ്വീകരിച്ചിട്ടുണ്ടോ | | | |
| 4. | വളണ്ടിയർ സ്ക്വാഡുകളുടെ വാർഡ്തല ഏകോപനം സാധ്യമാക്കുന്നുണ്ടോ | | | |
| 5. | വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട ഏകോപന പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ടോ | | | |
| 6. | സ്ത്രീകൾ പ്രത്യേകമായി അനുഭവിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും നടപടികൾ എടുക്കുന്നതിനുമായുള്ള സ്ത്രീകളുടെ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ | | | |
| | **വെള്ളം ഇറങ്ങുമ്പോൾ** | | | |
| 1. | വെള്ളം കയറിയ വീടുകൾ മുഴുവനായി കണ്ടെത്തുവാനുള്ള ചുമതല ജീവനക്കാർക്ക് നൽകിയോ | | | |
| 2. | വീടുകൾ വൃത്തിയാക്കുകയും ആളുകളെ പ്രവേശിപ്പിക്കുകയും ചെയ്യുന്ന പ്രവർത്തനം ഉറപ്പ് വരുത്തിയോ | | | |
| 3. | വൃത്തിയാക്കാനാവശ്യമായ സാധന സാമഗ്രികളുടെ ലഭ്യത (ബ്ലീച്ചിംഗ് പൗഡർ, ഗ്ലൗസ്, വൈപ്പർ തുടങ്ങിയവ) ഉറപ്പ് വരുത്തിയോ | | | |
| 4. | ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വളണ്ടിയർമാർ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തിയോ | | | |

| | | | | |
|---|---|---|---|---|
| | **മാലിന്യ സംസ്ക്കരണം** | | | |
| 1. | കുമിഞ്ഞുകൂടി കിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വിലയിരുത്തിയോ | | | |
| 2. | മാലിന്യം നീക്കം ചെയ്ത പ്രദേശം അണുവിമുക്തമാക്കാനുള്ള സാമഗ്രികൾ ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ടോ | | | |
| | **കുടിവെള്ളവും ഭക്ഷണവും** | | | |
| 1. | പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധമായ കുടിവെള്ള വിതരണം നടക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ | | | |
| 2. | കുടിവെള്ള വിതരണം ആരംഭിക്കുവാൻ കഴിയാത്തിടങ്ങളിൽ കുപ്പിവെള്ള വിതരണമടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ | | | |
| 3. | അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തിയാണോ വിതരണം ചെയ്യുന്നതെന്ന് അന്വേഷിച്ചുവോ | | | |
| 4. | വീടുകളിലെ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കി കുടിക്കാൻ ഉപയുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തിയിട്ടുണ്ടോ | | | |
| 5. | വീടുകളിൽ തിരിച്ചുപോയി താമസിക്കുന്നവർക്ക് നിത്യോപയോഗസാധനങ്ങളുടെ (ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും അടക്കം) ലഭ്യത ഉറപ്പ് വരുത്തിയിട്ടുണ്ടോ | | | |
| | **വീടുകളും കെട്ടിടങ്ങളും** | | | |
| 1. | ക്യാമ്പിൽ നിന്ന് തിരിച്ചുപോയി താമസമാക്കിയ വീടുകളുടെ ബലക്ഷമതയും സുരക്ഷിത | | | |

| | | | | |
|---|---|---|---|---|
| | ത്വവും ഉറപ്പ് വരുത്തുന്നുണ്ടോയെന്ന് പരിശോധിക്കുന്നുണ്ടോ | | | |
| 2. | വീടുകൾ വാസയോഗ്യമാക്കാനുള്ള അടിയന്തിര സംവിധാനങ്ങൾ (പ്ലംബിംഗ്, വയറിംഗ്, ഉപകരണങ്ങൾ നന്നാക്കൽ, മരപ്പണി മുതലായവ) ഒരുക്കുന്നതിനായി ഒരു ടീമിനെ രൂപപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ | | | |
| | **വൈദ്യുതാഘാതം** | | | |
| 1. | വൈദ്യുതാഘാതത്തിന് കാരണമായ മരങ്ങളും മറ്റ് പ്രതിബന്ധങ്ങളും നീക്കം ചെയ്യുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ | | | |
| 2. | വീടുകളിലേക്കുള്ള വൈദ്യുത ബന്ധം പുനഃസ്ഥാപിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ | | | |
| 3. | ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്താനുള്ള സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ | | | |
| | **കന്നുകാലികൾ** | | | |
| 1. | ചാണക കുഴികൾ വൃത്തിയാക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള ചുമതല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ | | | |
| 2. | കന്നുകാലികൾക്ക് ആവശ്യമായ ഭക്ഷണം, കുടിവെള്ളം എന്നിവ നൽകുന്നതിന് പ്രാദേശിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ | | | |
| 3. | തൊഴുത്തുകളുടെ ശുചിത്വം ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ | | | |

| | | | | |
|---|---|---|---|---|
| **രോഗ പ്രതിരോധ സംവിധാനങ്ങൾ** | | | | |
| 1. | പ്രദേശത്തെവിടെയെങ്കിലും പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടോയെന്ന് ആരോഗ്യവിഭാഗവുമായി അന്വേഷിച്ചുവോ | | | |
| 2. | പകർച്ച വ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ ആലോചിച്ച് നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ (കൊതുകു നിവാരണം അടക്കം) | | | |
| **ജലജന്യ രോഗങ്ങൾ പ്രതിരോധിക്കൽ** | | | | |
| 1. | കെട്ടിക്കിടക്കുന്ന ജലാശയങ്ങൾ അണുവിമുക്തമാക്കാനുള്ള നടപടികൾക്കായി ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ | | | |
| **ജന്തു സംരക്ഷണം ജന്തു ജന്യ രോഗങ്ങൾ** | | | | |
| 1. | ജന്തുജന്യ, ജലജന്യ രോഗങ്ങളുമായി ബന്ധപ്പെട്ട ബോധവത്ക്കരണപ്രവർത്തനങ്ങളുടെ ചുമതല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ടോ | | | |
| 2. | ചത്തുകിടക്കുന്ന പക്ഷി മൃഗാദികളുടെ ശാസ്ത്രീയ സംസ്കരണത്തിനുള്ള നടപടികൾ ഉറപ്പ് വരുത്തിയിട്ടുണ്ടോ | | | |
| 3. | വളർത്തുമൃഗങ്ങളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് അവയുടെ ഭക്ഷണം, കുടിവെള്ളം ഉറപ്പ് വരുത്താനായിട്ടുണ്ടോ | | | |
| **ഭക്ഷ്യ വിഷബാധ തടയൽ** | | | | |
| 1. | അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചേർന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ | | | |

| | | | | |
|---|---|---|---|---|
| **കൊതുകുജന്യ രോഗങ്ങൾ** | | | | |
| 1.<br><br><br><br>2. | കെട്ടിക്കിടക്കുന്ന ജലാശയങ്ങളെ കൊതുകു വിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കു ന്നതിന് ബന്ധപ്പെട്ട വകുപ്പ് ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ<br>കൊതുക് നിവാരണത്തിനുള്ള നടപടിക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തി യിട്ടുണ്ടോ (ഫോഗിംഗ് ഉൾപ്പെടെ) | | | |
| **രോഗികൾ/ അഗതികളുടെ പരിചരണവും പ്രത്യേക മേൽനോട്ടവും** | | | | |
| 1. | കിടപ്പ് രോഗികളുടേയും മാറാരോഗികളുടേയും സംരക്ഷണം ഉറപ്പ് വരുത്തുവാൻ ചുമതല നൽകിയിട്ടുണ്ടോ | | | |
| **തുടർ (ബോധവത്കരണ) പ്രവർത്തനം (ഐ.ഇ.സി., ബി.സി.സി)** | | | | |
| 1.<br><br><br><br><br>2.<br><br><br><br><br>3.<br><br><br><br>4.<br><br><br><br>5. | ക്യാമ്പിൽ നിന്ന് തിരിച്ച് വീട്ടിൽ താമസിക്കുന്ന വരുമായി നിരന്തരം സമ്പർക്കം പുലർത്തുവാൻ സാധിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്)<br>ക്യാമ്പിൽ വരാതെ ബന്ധുവീടുകളിലും സുഹൃത്തുകളുടെ വീടുകളിലും അഭയം തേടിയവരുമായി സമ്പർക്കം പുലർത്തുവാൻ സാധിക്കുന്നുണ്ടോ എന്ന് പരിശോധിച്ചുവോ (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്)<br>കുട്ടികളുടെ മാനസികോല്ലാസങ്ങൾ ഉറപ്പാക്കാ നുള്ള കൂട്ടായ്മകൾ (ബാലസഭയടക്കം), കളികൾ, മറ്റ് വിനോദങ്ങൾ സംഘടിപ്പിക്കുന്ന തിനുള്ള നിർദ്ദേശങ്ങൾ നൽകിയോ<br>മനശ്ശാസ്ത്രപരമായ സുരക്ഷിതത്വം ഉറപ്പാക്കാ നാവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചു വെന്ന് ഉറപ്പ് വരുത്തിയോ (ഉദാ ആവശ്യമെ ങ്കിൽ കൗൺസിലിംഗ്, ഗൃഹസന്ദർശനം)<br>കുട്ടികളെ സ്ക്കൂളുകളിൽ/അങ്കണവാടികളിൽ | | | |

| | | | | |
|---|---|---|---|---|
| | തിരിച്ച് പ്രവേശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ (കെട്ടിടങ്ങളുടെ ബലക്ഷമത ഉറപ്പ് വരുത്തൽ ഉൾപ്പെടെ) ചെയ്യുന്നുണ്ടോ എന്ന് പരിശോധിച്ചുവോ | | | |
| 6. | പൊതുജനങ്ങൾക്ക് ബോധവത്ക്കരണത്തിനുള്ള അറിയിപ്പുകൾ നൽകുന്നതിന് ജനകീയ സംവിധാനത്തെ ഏർപ്പെടുത്തുവാൻ കഴിഞ്ഞുവോ (ആവശ്യമായ പ്രചരണം, മൈക്ക് അനൗൺസ്മെന്റ്, പൊതുനോട്ടീസ് ബോർഡുകൾ തുടങ്ങിയവ) | | | |
| **രോഗ വിവര മേൽനോട്ടം** | | | | |
| 1. | രോഗങ്ങളുടെ വ്യാപനം സംബന്ധിച്ച വിവരങ്ങൾ ദൈനംദിനം ആരോഗ്യവിഭാഗത്തിൽ നിന്ന് ലഭ്യമാക്കിയോ | | | |
| 2. | തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടോ (കൊതുകു നിവാരണം അടക്കം) | | | |
| 3. | ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്നും ചികിത്സാ ഉപകരണങ്ങളും ആവശ്യാനുസൃതം ലഭ്യമാണോ എന്ന് ഉറപ്പ് വരുത്തിയോ | | | |
| **നിയമപരമായ ഇടപെടലുകൾ** | | | | |
| 1. | പ്രദേശങ്ങളിൽ (പ്രത്യേകിച്ച് ഒറ്റപ്പെട്ട വീടുകളിൽ) അപരിചിതരുടെ സാന്നിദ്ധ്യമുണ്ടോയെന്ന് വാർഡ് ജനപ്രതിനിധിയുമായി ചേർന്ന് ശ്രദ്ധിച്ചിട്ടുണ്ടോ | | | |
| 2. | സാമൂഹ്യവിരുദ്ധ സമീപനങ്ങളായ പൂഴ്ത്തിവെയ്പ്പ്, അമിത വില ഈടാക്കൽ തുടങ്ങിയവ വാർഡ് ജനപ്രതിനിധിയുമായി ചേർന്ന് നിരീക്ഷിച്ചിട്ടുണ്ടോ | | | |
| 3. | സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും നഷ്ടപ്പെട്ടവർക്ക് ജില്ലാ അദാലത്തിൽ/മറ്റ് ബന്ധപ്പെട്ട ഏജൻസികളുമായി ബന്ധപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ | | | |

## വാർഡുതല ജനപ്രതിനിധികൾ

| ക്ര.നം | ചെക്ക് ലിസ്റ്റ് | ഉണ്ട് | ഇല്ല | തുടർനടപടി |
|---|---|---|---|---|
| | **വെള്ളം ഇറങ്ങുമ്പോൾ** | | | |
| 1. | വാർഡ്തല സമിതികൾ രൂപീകരിച്ചുവോ | | | |
| 2. | വാർഡ്തല സമിതികളുടെ പ്രവർത്തനം ആരംഭിച്ചുവോ | | | |
| 3. | വെള്ളം കയറിയ വീടുകൾ മുഴുവനായി കണ്ടെത്തുവാൻ കഴിഞ്ഞുവോ | | | |
| 4. | എത്ര വീടുകൾ ഇതിനകം വൃത്തിയാക്കി ആളുകളെ പ്രവേശിപ്പിച്ചു എന്നതിന്റെ വിവരം ലഭിച്ചുവോ. ഇനി ചെയ്യാവുന്നവയുടെ കണക്ക് തയ്യാറാക്കിയോ | | | |
| 5. | ഇനിയുള്ളവയുടെ പ്രവർത്തനങ്ങൾക്ക് പരിപാടി തയ്യാറാക്കിയോ | | | |
| 6. | ഇനി വൃത്തിയാക്കാനാവശ്യമായ സാധനസാമഗ്രികൾ ലഭ്യമാണോ, ശേഖരിച്ചുവോ (ബ്ലീച്ചിംഗ് പൗഡർ, ഗ്ലൗസ്, വൈപ്പർ തുടങ്ങിയവ) | | | |
| 7. | ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വളണ്ടിയർമാർ ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തിയോ | | | |
| 8. | സ്ത്രീകൾ പ്രത്യേകമായി അനുഭവിക്കുന്ന പ്രശ്നങ്ങൾ വിലയിരുത്തുന്നതിനും നടപടികൾ എടുക്കുന്നതിനുമായി സ്ത്രീകളുടെ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ | | | |
| | **മാലിന്യ സംസ്ക്കരണം** | | | |
| 1. | കുമിഞ്ഞുകൂടി കിടക്കുന്ന മാലിന്യങ്ങൾ നീക്കംചെയ്യാൻ സംവിധാനം ഏർപ്പെടുത്തിയോ | | | |

| | | | | |
|---|---|---|---|---|
| 2. | മാലിന്യം നീക്കം ചെയ്ത പ്രദേശം അണുവിമുക്തമാക്കാനുള്ള സാമഗ്രികൾ ലഭ്യമാണോ | | | |
| | **കുടിവെള്ളവും ഭക്ഷണവും** | | | |
| 1. | കുടിവെള്ള വിതരണം ആവശ്യമായ പ്രദേശങ്ങളുടെ ലിസ്റ്റ് തയ്യാറായോ | | | |
| 2. | പഞ്ചായത്തിലെ എല്ലാ പ്രദേശത്തും ശുദ്ധമായ കുടിവെള്ള വിതരണം ആരംഭിക്കാൻ കഴിഞ്ഞുവോ? | | | |
| 3. | കുടിവെള്ള വിതരണം ആരംഭിക്കുവാൻ കഴിയാത്തിടങ്ങളിൽ കുപ്പിവെള്ള വിതരണമടക്കമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തിയോ | | | |
| 4. | അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്താൻ ഏർപ്പാടാക്കിയോ. ആ രീതിയിലാണോ കാര്യങ്ങൾ നടക്കുന്നത് | | | |
| 5. | വീടുകളിലെ കുടിവെള്ള സ്രോതസ്സുകൾ അണുവിമുക്തമാക്കി കുടിക്കാൻ ഉപയുക്തമാക്കാനുള്ള പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയോ | | | |
| 6. | വീടുകളിൽ തിരിച്ചുപോയി താമസിക്കുന്നവർക്ക് നിത്യോപയോഗസാധനങ്ങൾ (ഭക്ഷ്യവസ്തുക്കളും വസ്ത്രങ്ങളും അടക്കം) ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ | | | |
| | **വീടുകളും കെട്ടിടങ്ങളും** | | | |
| 1. | ക്യാമ്പിൽ നിന്ന് തിരിച്ചുപോയി താമസമാക്കിയ വീടുകളുടെ ബലക്ഷമതയും സുരക്ഷിതത്വവും ഉറപ്പ് വരുത്തുവാനുള്ള സംവിധാനം ഏർപ്പെടുത്തിയോ | | | |
| 2. | വീടുകൾ വാസയോഗ്യമാക്കാനുള്ള അടിയന്തിര സംവിധാനങ്ങൾ (പ്ലംബിംഗ്, വയറിംഗ്, ഉപകരണങ്ങൾ നന്നാക്കൽ, മരപ്പണി മുതലായവ) ഒരുക്കുന്നതിനായി ഒരു ടീമിനെ രൂപപ്പെടുത്താൻ സാധിച്ചിട്ടുണ്ടോ | | | |

| | | | | |
|---|---|---|---|---|
| **വൈദ്യുതാഘാതം** | | | | |
| 1. | വൈദ്യുതാഘാതത്തിന് കാരണമായ മരങ്ങളും മറ്റ് പ്രതിബന്ധങ്ങളും കണ്ടെത്താനും നീക്കം ചെയ്യുവാൻ നടപടി എടുത്തിട്ടുണ്ടോ | | | |
| 2. | വീടുകളിലേക്കുള്ള വൈദ്യുത ബന്ധം പുനഃസ്ഥാപിച്ചുവോ | | | |
| 3. | ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പ് വരുത്താനുള്ള സാങ്കേതിക സഹായം ലഭ്യമാക്കിയിട്ടുണ്ടോ | | | |
| **കന്നുകാലികൾ** | | | | |
| 1. | ചാണക കുഴികൾ വൃത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ | | | |
| 2. | കന്നുകാലികൾക്ക് ആവശ്യമായ ഭക്ഷണം, കുടിവെള്ളം എന്നിവ ഉറപ്പാക്കിയിട്ടുണ്ടോ | | | |
| 3. | തൊഴുത്തുകളുടെ ശുചിത്വം ഉറപ്പാക്കിയിട്ടുണ്ടോ | | | |
| **രോഗ പ്രതിരോധ സംവിധാനങ്ങൾ** | | | | |
| 1. | പ്രദേശത്തെവിടെയെങ്കിലും പകർച്ച വ്യാധികൾ ഉണ്ടാകാനുള്ള സാധ്യതയുണ്ടോ എന്ന് ആരോഗ്യവകുപ്പുമായി ചർച്ച ചെയ്തോ | | | |
| 2. | പകർച്ച വ്യാധികൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ ആലോചിച്ച് നടപ്പിലാക്കിയോ (കൊതുകു നിവാരണം അടക്കം) | | | |
| **ജലജന്യ രോഗങ്ങൾ പ്രതിരോധിക്കൽ** | | | | |
| 1. | കെട്ടിക്കിടക്കുന്ന ജലാശയങ്ങൾ അണുവിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞോ? | | | |

| | | | | |
|---|---|---|---|---|
| **ജന്തു സംരക്ഷണം ജന്തു ജന്യ രോഗങ്ങൾ** | | | | |
| 1.<br>2.<br>3. | ജന്തുജന്യ, ജലജന്യ രോഗങ്ങളുമായി ബന്ധപ്പെട്ട ബോധവത്ക്കരണത്തിന്റെ ഭാഗമായി ഏതെങ്കിലും അനുബന്ധ പ്രവർത്തനങ്ങൾ നടത്താനായോ<br>ചത്തുകിടക്കുന്ന പക്ഷി മൃഗാദികളുടെ ശാസ്ത്രീയ സംസ്കരണത്തിനുള്ള നടപടികളായോ?<br>വളർത്തുമൃഗങ്ങളുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ഭക്ഷണം, കുടിവെള്ളം ഉറപ്പ് വരുത്താനായിട്ടുണ്ടോ | | | |
| **ഭക്ഷ്യ വിഷബാധ തടയൽ** | | | | |
| 1. | അംഗൻവാടി, സ്കൂളുകൾ മുതലായ സ്ഥലങ്ങളിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണമേന്മ ഉറപ്പ് വരുത്തിയാണോ വിതരണം ചെയ്യുന്നത് എന്ന് അന്വേഷിച്ചുവോ | | | |
| **കൊതുകുജന്യ രോഗങ്ങൾ** | | | | |
| 1.<br>2. | കെട്ടിക്കിടക്കുന്ന ജലാശയങ്ങളെ കൊതുകു വിമുക്തമാക്കാനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞോ?<br>കൊതുക് നിവാരണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ (ഫോഗിംഗ് ഉൾപ്പെടെ) | | | |
| **രോഗികൾ/ അഗതികളുടെ പരിചരണവും പ്രത്യേക മേൽനോട്ടവും** | | | | |
| 1. | കിടപ്പ് രോഗികളുടേയും മാറാരോഗികളുടേയും സംരക്ഷണം ഉറപ്പ് വരുത്താനുള്ള ഏർപ്പാട് ചെയ്തോ | | | |

| | | | | |
|---|---|---|---|---|
| **തുടർ (ബോധവത്കരണ) പ്രവർത്തനം (ഐ.ഇ.സി., ബി.സി.സി)** | | | | |
| 1. | ക്യാമ്പിൽ നിന്ന് തിരിച്ച് വീട്ടിൽ താമസിക്കുന്നവരുമായി നിരന്തരം സമ്പർക്കം പുലർത്താൻ സാധിക്കുന്നുണ്ടോ (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്) | | | |
| 2. | ക്യാമ്പിൽ വരാതെ ബന്ധുവീടുകളിലും സുഹൃത്തുകളുടെ വീടുകളിലും അഭയം തേടിയവരുമായി സമ്പർക്കം പുലർത്തിവരുന്നുണ്ടോ (മാനസിക സമ്മർദ്ദം കുറയ്ക്കുന്നതിന്) | | | |
| 3. | കുട്ടികളുടെ മാനസികോല്ലാസങ്ങൾ ഉറപ്പാക്കാനുള്ള കൂട്ടായ്മകൾ (ബാലസഭയടക്കം), കളികൾ, മറ്റ് വിനോദങ്ങൾ സംഘടിപ്പിക്കാനായോ | | | |
| 4. | മനശ്ശാസ്ത്രപരമായ സുരക്ഷിതത്വം ഉറപ്പാക്കാനാവശ്യമായ പ്രവർത്തനങ്ങൾ സ്വീകരിച്ചു വരുന്നുണ്ടോ (ഉദാ ആവശ്യമെങ്കിൽ കൗൺസിലിംഗ്, ഗൃഹസന്ദർശനം) അദ്ധ്യാപകരുടെ സേവനം വിനിയോഗിക്കാവുന്നതാണ് | | | |
| 5. | കുട്ടികളെ സ്ക്കൂളുകളിൽ/അങ്കണവാടികളിൽ തിരിച്ച് പ്രവേശിപ്പിക്കുന്നതിനാവശ്യമായ നടപടികൾ (കെട്ടിടങ്ങളുടെ ബലക്ഷമത ഉറപ്പ് വരുത്തൽ ഉൾപ്പെടെ) ഏർപ്പാടാക്കിയോ | | | |
| 6. | പൊതുജനങ്ങൾക്ക് ബോധവത്ക്കരണത്തിനുള്ള അറിയിപ്പുകൾ നൽകുവാൻ കഴിഞ്ഞോ (ആവശ്യമായ പ്രചരണം, മൈക്ക് അനൗൺസ്മെന്റ്, പൊതുനോട്ടീസ് ബോർഡുകൾ തുടങ്ങിയവ)1 | | | |
| **രോഗ വിവര മേൽനോട്ടം** | | | | |
| 1. | രോഗവിവരങ്ങൾ ദൈനംദിനം ആരോഗ്യവിഭാഗത്തിൽ നിന്ന് ശേഖരിക്കാനായോ | | | |
| 2. | തടയുന്നതിനും നിയന്ത്രിക്കുന്നതിനും നടപടികൾ ആലോചിച്ച് നടപ്പിലാക്കി വരുന്നുണ്ടോ? (കൊതുകു നിവാരണം അടക്കം) | | | |

| | | | | |
|---|---|---|---|---|
| 3. | ആരോഗ്യ സ്ഥാപനങ്ങളിൽ മരുന്നും ചികിത്സാ ഉപകരണങ്ങളും ആവശ്യാനുസൃതം ലഭ്യ മാണ്എന്ന് ഉറപ്പ് വരുത്തിയോ | | | |
| | **നിയമപരമായ ഇടപെടലുകൾ** | | | |
| 1. | പ്രദേശങ്ങളിൽ (പ്രത്യേകിച്ച് ഒറ്റപ്പെട്ട വീടുകളിൽ) അപരിചിതരുടെ സാന്നിദ്ധ്യമു ണ്ടോയെന്ന് ശ്രദ്ധിക്കുന്നുണ്ടോ | | | |
| 2. | സാമൂഹ്യവിരുദ്ധ സമീപനങ്ങളായ പൂഴ്ത്തി വെയ്പ്പ്, അമിത വില ഈടാക്കൽ തുടങ്ങിയവ ശ്രദ്ധയിൽപ്പെടാനും നടപടി സ്വീകരിക്കാനും കഴിഞ്ഞിട്ടുണ്ടോ | | | |
| 3. | സർട്ടിഫിക്കറ്റുകളും മറ്റ് രേഖകളും നഷ്ടപ്പെട്ട വർക്ക് ജില്ലാ അദാലത്തിൽ/മറ്റ് ബന്ധപ്പെട്ട ഏജൻസികളുമായി ബന്ധപ്പെടുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാനാ കുന്നുണ്ടോ | | | |

# കൂട്ടായ്മയിലൂടെ മുന്നോട്ട്

നമ്മുടെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ പോലെതന്നെ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ദുരന്തം ബാധിച്ചിട്ടുണ്ടാവാം. മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും സമാനമനസ്കരായ സംഘടനകളുമായും കൂട്ടായ്മ വികസിപ്പിക്കുക വഴി ഭരണകൂടത്തിലും മറ്റ് ഏജൻസികളിലും സ്വാധീനം ചെലുത്തുന്നതിനും വിലപേശുന്നതിനും ചർച്ചകൾ നടത്തുന്നതിനുമുള്ള ശക്തി വർദ്ധിപ്പിക്കാൻ സാധിക്കും. പുനർനിർമ്മാണ, പുനരധിവാസ പ്രവർത്തനങ്ങളുടെ മെച്ചപ്പെട്ട ഫലം ഉറപ്പാക്കാൻ ഇതുമൂലം സാധിക്കും.




## ഈ കൂട്ടായ്മ താഴെപ്പറയുന്ന കാര്യങ്ങൾക്ക് ഉപകാരപ്രദമായിരിക്കും

- അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിന്.
- മികച്ച ആസൂത്രണത്തിനും ആസൂത്രണത്തെ പിന്തുണയ്ക്കുന്നതിനും.
- മനുഷ്യശേഷിയുടെ പിന്തുണ.
- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾതോറുമുള്ള സമൂഹങ്ങളുടെ ശൃംഖല (ഉദാഹരണത്തിന് സ്ത്രീകൾ, യുവാക്കൾ, കർഷകർ).
- ശൃംഖലാധിഷ്ഠിത സമ്പദ്‌വളർച്ച സൃഷ്ടിക്കുന്നതിന്.

# ദീർഘകാല വികസനത്തിനു വേണ്ടിയുള്ള പുനരധിവാസം

- ജീവസന്ധാരണ മാർഗങ്ങൾ പുനർനിർമിക്കുക.
- നവീന സമീപനങ്ങൾ സ്വീകരിക്കാനുള്ള അവസരം.
- പ്രാദേശികാടിസ്ഥാന സമ്പദ്ഘടനയിൽ അധിഷ്ഠിതമായ സുസ്ഥിര ശൃംഖല സൃഷ്ടിക്കുക.




ശൃംഖലാ സമ്പദ്വളർച്ചാ മാതൃക

**ദീർഘകാലത്തെക്കുറിച്ച് ചിന്തിക്കുകയും ഹ്രസ്വകാല സ്വഭാവത്തിലുള്ള പരിഹാരങ്ങളും നിർദ്ദേശങ്ങളും അവഗണിക്കുകയും ചെയ്യുക.**

# സാമൂഹിക മാറ്റത്തിനുള്ള ഒരവസരം

ദുരിതാശ്വാസം മുതൽ പുനർനിർമ്മാണം തൊട്ട് പുനരധിവാസം വരെ, ഒരു ദുരന്ത നിവാരണത്തെ പരിപാലിക്കുന്നത് സാമൂഹിക മാറ്റങ്ങൾ കൊണ്ടുവരുന്നതിനുള്ള ഒരവസരം പ്രദാനം ചെയ്യും.



- പ്രദേശത്തെ ജനങ്ങൾക്കിടയിലെ ബന്ധങ്ങൾ മെച്ചപ്പെടുത്താനും ശക്തിപ്പെടുത്താനും ഈ അവസരം ഉപയോഗിക്കുക.
- സത്ക്രിയവും മികച്ച ആസൂത്രണത്തോടുകൂടിയതുമായ പുനരധിവാസത്തിലൂടെ ലിംഗപദവിയുടെയും ജാതിയുടെയും മതത്തിന്റെയും വർഗത്തിന്റെയും അടിസ്ഥാനത്തിലുള്ള ഭിന്നതകൾ ലഘൂകരിക്കാൻ നമുക്കു സാധിക്കും

# നഗര പ്രളയം

കനത്ത മഴയെ തുടർന്ന് നഗരപ്രദേശങ്ങൾ (റോഡ്, സ്ഥാപനങ്ങൾ തുടങ്ങിയവ) വെള്ളത്തിലാകുന്ന സന്ദർഭങ്ങളെയാണ് നഗര പ്രളയം എന്നു പരാമർശിക്കുന്നത്. നഗരത്തിലെ മഴവെള്ള ഓടകളുടെ അഭാവം/കുറഞ്ഞ കാര്യക്ഷമത തുടങ്ങിയവ മൂലമാണ് ഇത്തരം വെള്ളപ്പൊക്കങ്ങൾ ഉണ്ടാകുന്നത്.

ഉദാ: ചെന്നൈ പ്രളയം, മഴക്കാലത്ത് തിരുവനന്തപുരം നഗരം വെള്ളപ്പൊക്കത്തിലാവുന്നത്.

ഗ്രാമീണമേഖലകളിൽ നിന്ന് നഗരപ്രദേശങ്ങളിലെ പ്രളയതീവ്രത കൂട്ടുന്നത് നഗരവത്കരണ ഫലമായി അവിടങ്ങളിൽ ഉണ്ടായിരുന്ന ജലാശയങ്ങളുടെ ശോഷണമാണ്. ജനസാന്ദ്രതയേറിയ ഇടങ്ങളാണ് നഗരങ്ങളെന്നതിനാൽ ജീവനും വസ്തുവകകൾക്കും നഷ്ടം സംഭവിക്കാനുള്ള സാധ്യത ഇവിടെ കൂടുതലാണ്. പ്രളയജലം ഒഴിഞ്ഞാലും മാലിന്യങ്ങളുടെ കുന്നുകൂടൽ വഴി പകർച്ചവ്യാധികൾക്കുള്ള സാധ്യതയും ഏറെയാണ്. സാമ്പത്തിക പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങൾ കൂടിയാണ് നഗരങ്ങളെന്നതിനാൽ ആ സംരംഭങ്ങളുടെ തകർച്ച സംസ്ഥാനത്തും രാജ്യത്തും മാത്രമല്ല ആഗോളതലത്തിൽ തന്നെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാം.

# പ്രളയജലനിരപ്പ് രേഖപ്പെടുത്തൽ (Flood Line Mapping)

ഒരു പ്രദേശത്ത് ഏറ്റവും ഉയർന്ന ജലനിരപ്പ് അടയാളപ്പെടുത്തുന്ന പ്രക്രിയയെയാണ് പ്രളയനില മാപ്പിംഗ് എന്ന് അറിയപ്പെടുന്നത്. കുറച്ചു വർഷങ്ങൾ തുടർച്ചയായി ഇതു ചെയ്യുന്നതിലൂടെ മഴയുടെ അളവിനനുസരിച്ച് എത്രമാത്രം ജലനിരപ്പ് ഉയരാം എന്നു മനസ്സിലാക്കാം. തുടർന്ന് മഴയുടെ തോത് പ്രവചിക്കുന്നതിനനുസരിച്ച് എത്രമാത്രം ജലം ഉയരുവാൻ സാധ്യതയുണ്ടെന്ന് മുൻകാല ഡാറ്റയിൽ നിന്നും മനസ്സിലാക്കുവാനും അതനുസരിച്ച് മുൻകരുതലുകൾ എടുക്കുവാനും സാധിക്കും.

### അനുബന്ധം 1

# ദുരന്തസമത്ത് ചെയ്യാവുന്നതും ചെയ്യാൻപാടില്ലാത്തതും

## വെള്ളപ്പൊക്കം

- മുൻകൂട്ടിയുള്ള വിവരങ്ങൾക്കും ഉപദേശങ്ങൾക്കുമായി റേഡിയോ/ടിവി/മറ്റു ദൃശ്യ ശ്രവ്യ മാധ്യങ്ങൾ ശ്രദ്ധിക്കുക.
- വിശ്വസ്തമായ സന്ദേശങ്ങൾ മാത്രം മുഖവിലയ്ക്കെടുക്കുക.
- പ്രളയജലം നിങ്ങളുടെ വീട്ടിലെത്തുമെന്ന് മുന്നറിയിപ്പ് ലഭിക്കുകയോ അങ്ങനെ സംശയിക്കുകയോ ചെയ്യുന്നുണ്ടെങ്കിൽ എല്ലാ വൈദ്യുത ബന്ധങ്ങളും വിച്ഛേദിക്കുകയും നിങ്ങളുടെ വ്യക്തിപരവും ഗാർഹികവുമായ വിലപിടിപ്പുള്ള വസ്തുക്കളും വസ്ത്രങ്ങളും പ്രളയജലം എത്താത്ത സുരക്ഷിതമായ സ്ഥലത്തേക്ക് മാറ്റുകയും ചെയ്യുക.
- വാഹനങ്ങൾ, കന്നുകാലികൾ, മറ്റു ജംഗമവസ്തുക്കൾ എന്നിവ സമീപത്തെ ഉയർന്ന പ്രദേശത്തേക്ക് മാറ്റുക.
- അപകടകരമായ മലിനീകരണം തടയുക-കീടനാശിനികൾ പ്രളയജലം എത്താത്തിടത്തേക്ക് മാറ്റുക
- നിങ്ങൾക്ക് വീട് ഒഴിഞ്ഞുപോകേണ്ടി വരികയാണെങ്കിൽ വൈദ്യുതി, പാചകവാതക ബന്ധങ്ങൾ വിച്ഛേദിക്കുകയും പുറത്തേക്കുള്ള എല്ലാ ജനലുകളും വാതിലുകളും ബന്ധിക്കുകയും ചെയ്യുക
- പറ്റുമെങ്കിൽ പ്രളയജലത്തിൽ ചവിട്ടാതിരിക്കുക. ഒരിക്കലും പ്രളയബാധിത പ്രദേശത്ത് ചുറ്റിത്തിരിയരുത്.

## കൊടുങ്കാറ്റ്

- മുൻകൂട്ടിയുള്ള വിവരങ്ങൾക്കും ഉപദേശങ്ങൾക്കുമായി റേഡിയോ/ടിവി/മറ്റു ദൃശ്യ ശ്രവ്യ മാധ്യങ്ങൾ ശ്രദ്ധിക്കുക. സുരക്ഷയ്ക്കാവശ്യമായ സമയം അനുവദിക്കുക. കുറഞ്ഞ സമയത്തിനുള്ളിൽ കാറ്റിന്റെ ദിശ, വേഗത, ശക്തി എന്നിവയിൽ വ്യത്യാസം വന്നേക്കാം. അതുകൊണ്ട് ഏറ്റവും പുതിയ വിവരങ്ങൾക്കായി റേഡിയോ/ടിവി/മറ്റു ദൃശ്യ ശ്രവ്യ മാധ്യങ്ങൾ ശ്രദ്ധിച്ചുകൊണ്ടിരിക്കുക.

**കൊടുങ്കാറ്റുമൂലമുള്ള കാറ്റോ പിശറോ മുന്നറിയിപ്പിലുണ്ടെങ്കിൽ**

- ജനലുകൾ അടച്ചിടുക. അതുവഴി അവ പൊട്ടിപ്പോകുന്നത് തടയാനാവും.
- യുക്തമായ സർക്കാർ ഏജൻസി മുന്നറിയിപ്പു നൽകുകയാണെങ്കിൽ അടുത്തുള്ള രക്ഷാകേന്ദ്രത്തിലേക്ക് മാറുകയോ പ്രദേശത്തുനിന്നും ഒഴിഞ്ഞുപോവുകയോ ചെയ്യുക.

**ദുരന്തനിവാരണ അതോറിറ്റിയും സർക്കാരും നൽകുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുക**

**കൊടുങ്കാറ്റ് അടിക്കുമ്പോൾ**

- വീടിനുള്ളിൽ തന്നെ ഇരിക്കുക. വീടിന്റെ ഏറ്റവും ഉറപ്പുള്ള ഭാഗത്ത് അഭയം തേടുക.
- റേഡിയോ/ടിവി/മറ്റു ദൃശ്യ ശ്രവ്യ മാധ്യങ്ങൾ ശ്രദ്ധിക്കുകയും നിർദ്ദേശങ്ങൾ അനുസരിക്കുകയും ചെയ്യുക. വെളിമ്പ്രദേശത്ത് പെട്ടുപോയെങ്കിൽ അഭയകേന്ദ്രം കണ്ടുപിടിക്കുക.
- കാറ്റിന് ശമനമുണ്ടാകുമ്പോൾ പുറത്തേക്ക് പോവുകയോ കടപ്പുറം സന്ദർശിക്കുകയോ ചെയ്യരുത്.
- നിങ്ങൾ തീരദേശത്താണ് താമസിക്കുന്നതെങ്കിൽ വെള്ളപ്പൊക്കത്തിന് നൽകിയിരിക്കുന്ന മുൻകരുതലുകൾ പാലിക്കണം.

## ഭൂകമ്പം

- ഭൂകമ്പത്തിന്റെ കാരണങ്ങളെയും ഫലങ്ങളെയും കുറിച്ച് പഠിക്കുക.
- ശാന്തവും ചാഞ്ചല്യരഹിതവുമായ രീതിയിൽ സംസാരിക്കുക.
- ഒരു ടോർച്ചും കൊണ്ടുനടക്കാവുന്ന ട്രാൻസിസ്റ്ററും കൈയിൽ കരുതുക.
- ചലനം എളപ്പമാക്കുന്ന തരത്തിൽ വീടിന്റെ ഇടനാഴികളിൽ നിന്നും ഫർണിച്ചറുകളും കളിപ്പാട്ടങ്ങളും മാറ്റുക.
- ഷെൽഫുകൾ, പാചകവാതക സിലണ്ടറുകൾ, പാത്രങ്ങൾ, പൂച്ചട്ടികൾ എന്നിവ നിങ്ങളുടെ വീടിന്റെ ചുമരുമായി ബന്ധിക്കുക.
- വലുതും ഭാരമേറിയതുമായ വസ്തുക്കൾ നിലത്തോ ഷെൽഫിന്റെ താഴെത്തട്ടിലോ സൂക്ഷിക്കുക. വൈദ്യുതി, പാചകവാതക, ജല ബന്ധങ്ങൾ എങ്ങനെയാണ് വിച്ഛേദിക്കേണ്ടതെന്ന് കുടുംബത്തിലെ എല്ലാ അംഗങ്ങളെയും പഠിപ്പിക്കുക.

**ഭൂകമ്പ സമയത്ത്**

- **നിങ്ങൾ വീട്ടിലോ ഒരു കെട്ടിടത്തിനുള്ളിലോ ആണെങ്കിൽ** അകത്തെ വാതിലിന്റെ മുഖപ്പിനു കീഴിലോ മുറിയുടെ മൂലയിലോ മേശയുടെയോ കട്ടിലിന്റെയോ അടിയിലോ സ്ഥാനം പിടിക്കുക. വാതിലിലേക്കോ പുറത്തേക്കുള്ള വഴിയിലേക്കോ ഓടിയടുക്കരുത്; ഒരിക്കലും ലിഫ്റ്റ് ഉപയോഗിക്കരുത്; ജനാലകൾ, ചില്ലുകൾ, ചിമ്മിനികൾ, ഫർണിച്ചറുകൾ എന്നിവയിൽ നിന്നും അകലം പാലിക്കുക. ഓടുകയോ തെരുവിൽ കറങ്ങി നടക്കുകയോ ചെയ്യരുത്.
- **നിങ്ങൾ തെരുവിലാണെങ്കിൽ** ശാന്തമായും ചാഞ്ചല്യമില്ലാതെയും ഒരു തുറന്ന സ്ഥലത്തേക്ക് നടക്കുക.
- തകരാൻ സാധ്യതയുള്ള കെട്ടിടങ്ങൾ– പ്രത്യേകിച്ചു പഴയതും പൊക്കംകൂടിയതും ഒറ്റപ്പെട്ടതും, ഭിത്തികൾ, ചരിവുകൾ, വൈദ്യുത കമ്പികളും കേബിളുകളും എന്നിവയിൽ നിന്നും അകലം പാലിക്കുക.
- **നിങ്ങൾ വാഹനം ഓടിക്കുകയാണെങ്കിൽ** തകരാൻ സാധ്യതയുള്ള കെട്ടിടങ്ങൾ, ഭിത്തികൾ, ചരിവുകൾ, വൈദ്യുത കമ്പികളും കേബിളുകളും എന്നിവയിൽ നിന്നും മാറി വണ്ടി നിറുത്തി, വാഹനത്തിനുള്ളിൽ തന്നെയിരിക്കുക.

**ഭൂകമ്പത്തിനു ശേഷം**

- ശാന്തത പാലിക്കുക, റേഡിയോ/ടിവി/മറ്റു ദൃശ്യ ശ്രവ്യ മാധ്യങ്ങൾ ശ്രദ്ധിക്കുക, അവയിൽ നിർദ്ദേശങ്ങൾ നൽകുന്നുണ്ടെങ്കിൽ അനുസരിക്കുക.
- കടൽത്തീരങ്ങളിൽ നിന്നും നദികളുടെ താഴ്ചയുള്ള കരകളിൽ നിന്നും അകലം പാലിക്കുക. കനത്ത തിരകൾ ആഞ്ഞടിച്ചേക്കാം.
- തുടർചലനങ്ങൾ പ്രതീക്ഷിക്കുകയും തയ്യാറെടുക്കുകയും ചെയ്യുക.
- ജല, വൈദ്യുത, പാചകവാതക ബന്ധങ്ങൾ വിച്ഛേദിക്കുക.
- ഒരു ടോർച്ച് ഉപയോഗിക്കുക

---

- അഗ്നിബാധയുണ്ടായാൽ അതു കെടുത്താൻ ശ്രമിക്കുക. പറ്റിയില്ലെങ്കിൽ അഗ്നിശമന സേനയെ വിവരമറിയിക്കുക.
- ഗുരുതരമായി പരിക്കേറ്റവരുണ്ടെങ്കിൽ, അവർ അപകടസ്ഥിതിയിലല്ലാത്ത പക്ഷം നീക്കം ചെയ്യാൻ ശ്രമിക്കരുത്.
- തീപിടിക്കാൻ സാധ്യതയുള്ള വസ്തുക്കൾ തൂവിപ്പോയിട്ടുണ്ടെങ്കിൽ ഉടനടി വൃത്തിയാക്കുക (മദ്യം, പെയ്ന്റ് തുടങ്ങിയവ).
- ആളുകൾ അവശിഷ്ടങ്ങൾക്കിടയിൽ പെട്ടിട്ടുണ്ട് എന്ന് നിങ്ങൾക്കറിയാമെങ്കിൽ രക്ഷാസംഘത്തെ അറിയിക്കുക.
- വൈദ്യുത കമ്പികൾ അയഞ്ഞുകിടക്കുന്ന സ്ഥലങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കുകയും അതിനോട് തൊട്ടടുത്തിരിക്കുന്ന ലോഹപദാർത്ഥങ്ങളെ സ്പർശിക്കാതിരിക്കുകയും ചെയ്യുക. വിവരം ഉടനടി വൈദ്യുതി ബോർഡിൽ അറിയിക്കുക.
- എന്തെങ്കിലും ഭക്ഷണം കഴിക്കുക. ഇത് നിങ്ങൾക്ക് ഉന്മേഷം നൽകുന്നതോടൊപ്പം മറ്റുള്ളവരെ സഹായിക്കാനുള്ള ശേഷിയും നൽകും.
- വീടിന് സാരമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ഉപേക്ഷിക്കുക. ജല സംഭരണികൾ, ഭക്ഷണം, സാധാരണവും പ്രത്യേകവുമായ മരുന്നുകൾ (ഹൃദ്രോഗം, പ്രമേഹം എന്നിവയ്ക്കുള്ളത്) എന്നിവ കരുതുക.

---

- സംഭവത്തെക്കുറിച്ച് ആകാംക്ഷ പരത്തരുത്.
- തിരക്കുണ്ടാക്കുകയോ സ്പർശിക്കുകയോ ചെയ്ത് പരിക്കേറ്റവരുടെയോ നിങ്ങളുടെ തന്നെയോ നില വഷളാക്കരുത്.
- പുകവലിക്കുകയോ തീപ്പെട്ടി ഉരയ്ക്കുകയോ സിഗരറ്റ് ലൈറ്റർ തെളിക്കുകയോ ചെയ്യരുത്. വൈദ്യുതി സ്വിച്ചുകൾ തെളിക്കരുത്. ഷോർട്ട് സർക്യൂട്ടുകളോ വാതക ചോർച്ചയോ സംഭവിച്ചേക്കാം.
- പരിശോധിക്കുകയും അരിപ്പകൊണ്ടോ ഫിൽറ്റർകൊണ്ടോ വൃത്തിയുള്ള തുണികൊണ്ടോ അരിക്കുകയും ചെയ്യാതെ തുറന്ന സ്ഥലത്തുനിന്നും വെള്ളം കുടിക്കരുത്.
- സാരമായ കേടുപാടുകളുള്ള കെട്ടിടങ്ങളിൽ തിരികെ പ്രവേശിക്കുകയോ കേടുപാടുകൾ വന്ന കെട്ടിടങ്ങൾക്കടുത്തേക്ക് പോവുകയോ ചെയ്യരുത്.
- എന്താണ് സംഭവിച്ചതെന്നറിയാൻ വേണ്ടി തെരുവുകളിൽ കറങ്ങി നടക്കരുത്. രക്ഷാപ്രവർത്തകരുടെ വാഹനങ്ങൾ കടന്നുപോകുന്നതിനു വേണ്ടി തെരുവുകൾ ഒഴിച്ചിടുക.

### അനുബന്ധം 2

# കൂടുതൽ പ്രവർത്തനങ്ങൾക്കായി ചില മാതൃകകൾ കൂടി

നിരവധി ഉപകാരപ്രദമായ ഉപകരണങ്ങളും മാതൃകകളും ലഭ്യമാണ്. ചിലത് വികസിപ്പിക്കുകയും ചെയ്യാം. ഇതിൽ ചിലത് താഴെ കൊടുത്തിട്ടുണ്ട്. സൂചനയിൽ കൊടുത്തിരിക്കുന്ന രേഖകളിൽ നിന്നും കൂടുതൽ ലഭ്യമാണ്.

**പട്ടിക 7 മരിച്ചവരുടെയോ കാണാതായവരുടെയോ വിശദാംശങ്ങൾ**

| കുടുംബ നമ്പർ | കുടുംബത്തിൽ അതിജീവിച്ച പ്രധാന ആളിന്റെ പേരും മേൽവിലാസവും (പുരുഷന്റെയും സ്ത്രീയുടെയും പേര് രേഖപ്പെടുത്തുക) | ക്രമ നമ്പർ | പേര് | അതിജീവിച്ച ആളുമായുള്ള ബന്ധം | പ്രായം | ലിംഗം | മരണം | കാണാതായവർ |
|---|---|---|---|---|---|---|---|---|
| | | | | | | | | |

**പട്ടിക 8 പരിക്കേറ്റവരുടെ വിശദാംശങ്ങൾ**

| കുടുംബ നമ്പർ | കുടുംബത്തിൽ അതിജീവിച്ച പ്രധാന ആളിന്റെ പേരും മേൽവിലാസവും (പുരുഷന്റെയും സ്ത്രീയുടെയും പേര് രേഖപ്പെടുത്തുക) | ക്രമ നമ്പർ | പേര് | അതിജീവിച്ച ആളുമായുള്ള ബന്ധം | പ്രായം | ലിംഗം | സ്ഥിരമായ അംഗവൈകല്യം | സാരമായ പരിക്ക് | നിസ്സാരമായ പരിക്ക് |
|---|---|---|---|---|---|---|---|---|---|
| | | | | | | | | | |

**പട്ടിക 9 പൊതുസേവനത്തിന്റെ അവസ്ഥ**

| ക്രമ നമ്പർ | അവശത അനുഭവിക്കുന്ന വ്യക്തിയുടെ പേര് | രോഗലക്ഷണങ്ങൾ | ദുർബല വിഭാഗം | ലഭ്യമായ ആരോഗ്യസേവനം (ഉണ്ട്/ഇല്ല) | ആരോഗ്യ സേവനത്തിന്റെ സ്വഭാവം | ശുദ്ധമായ കുടിവെള്ളം ലഭ്യമാണ് (അതെ/അല്ല) | സുരക്ഷിതമായ ശുചിത്വസൗകര്യങ്ങൾ ലഭ്യമാണ് (അതെ/അല്ല) | ആവശ്യത്തിനുള്ള പോഷകാഹാരം ലഭ്യമാണ് (അതെ/അല്ല) |
|---|---|---|---|---|---|---|---|---|
| | | | | | | | | |

**പട്ടിക 10 ജീവസന്ധാരണ നാശം കണക്കാക്കൽ**

| ക്രമ നമ്പർ | തൊഴിലിന്റെ സ്വഭാവം | ഏർപ്പെട്ടിരിക്കുന്ന ആളുകളുടെ എണ്ണം | | | ദുരന്തപൂർവം | | ദുരന്താനന്തരം | | മാറ്റത്തിനുള്ള കാരണം |
|---|---|---|---|---|---|---|---|---|---|
| | | പുരുഷൻ | സ്ത്രീ | കുട്ടികൾ | തൊഴിലിന്റെ ലഭ്യത | വരുമാനം | തൊഴിലിന്റെ ലഭ്യത | വരുമാനം | |
| | | | | | | | | | |

**പട്ടിക 11 വീടുകളുടെയും മറ്റു കെട്ടിടങ്ങളുടെയും കേടുപാടുകളുടെ വിശദമായ വിലയിരുത്തൽ**

| വീട് നമ്പർ | പേര് | വിലാസം | | |
|---|---|---|---|---|
| കെട്ടിടത്തിന്റെ ഭാഗം | കേടുപാടിന്റെ സ്വഭാവം | നന്നാക്കാം | നന്നാക്കാൻ കഴിയില്ല | കേടുപാടുകൾ സംഭവിച്ച സ്ഥല ങ്ങളുടെ എണ്ണം |
| അടിത്തറയും മൂലഭിത്തിയും | 1.1 പൊട്ടലുകൾ<br>1.2 ഭാഗിക തകർച്ച<br>1.3 വിള്ളൽ<br>1.4 അമർന്നുപോകൽ | | | |
| ഭിത്തിയും തൂണും വാതിലുകളും | 2.1 ലംബമായ വിള്ളലുകൾ<br>2.2 ഭിത്തി ചരിഞ്ഞു<br>2.3 മൂലകൾ വിട്ടുമാറി<br>2.4 ഭാഗികമായി തകർന്നു<br>2.5 പാളികളായി വേർപെടൽ<br>2.6 വാതിലിനു സമീപം തിരശ്ചീനമായ വിള്ളലുകൾ<br>2.7 ബീമും തൂണും ചേരുന്നിടങ്ങളിൽ വിള്ളലുകൾ<br>2.8 വാതിലുകളിലെ വളവ് | | | |
| മേൽക്കൂര | 3.1 വിള്ളലുകൾ<br>3.2 ഭാഗിക തകർച്ച<br>3.3 പൂർണ നാശം<br>3.4 തൂണുകളുംമേൽക്കൂരയും ചേരുന്നിടുന്നിടങ്ങളിൽ വിള്ളൽ<br>3.5 ഭിത്തിയും മേൽക്കൂരയും തമ്മിൽ ചേരുന്നിടുന്നിടത്ത് വിള്ളൽ | | | |

### അനുബന്ധം 3

## ബന്ധപ്പെടേണ്ടവരുടെ ലിസ്റ്റും ഫോൺ നമ്പരും

**ഇത് പൂരിപ്പിച്ച് പഞ്ചായത്തിലെ പ്രധാന സ്ഥലങ്ങളിൽ സൂക്ഷിക്കുക (ലിസ്റ്റ് ഇനിയും വിപുലീകരിക്കണം)**

| ബന്ധപ്പെടേണ്ടവർ | ഫോൺ നമ്പർ | വിലാസം |
|---|---|---|
| ജില്ലാ കളക്ടർ | | |
| ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | | |
| ജില്ലാ പ്ലാനിംഗ് ഓഫീസർ | | |
| ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് | | |
| നഗരകാര്യ ജോയിന്റ് ഡയറക്ടർ | | |
| അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മിഷണർ | | |
| ജില്ലാ പബ്ളിക് റിലേഷൻസ് ഓഫിസർ | | |
| ജില്ലാ അഗ്നിശമന ഓഫീസ് | | |
| ജില്ലാ ആരോഗ്യ ഓഫീസർ | | |
| ജില്ലാ സർക്കാർ ആശുപത്രി | | |
| ജില്ലാ പോലീസ് സൂപ്രണ്ട് | | |
| ജില്ലാ പൊതു വിതരണ ഓഫീസ് | | |
| ജില്ലാ പൊതുമരാമത്ത് ഓഫീസ് | | |
| ജില്ലാ തല കൃഷി ഓഫീസർ | | |
| ജില്ലാ ഫിഷറീസ് ഓഫീസ് | | |
| ജില്ലാ ഹൈവേ ഓഫീസ് | | |
| പ്രാദേശിക പോലീസ് സ്റ്റേഷൻ | | |
| പ്രാദേശിക അഗ്നിശമന ഓഫീസ് | | |
| പ്രാദേശിക ഫിഷറീസ് ഓഫീസ് | | |
| പ്രാദേശിക ഹൈവേ ഓഫീസ് | | |
| അസിസ്റ്റന്റ് ഡയറക്ടർ (പഞ്ചായത്ത്) | | |
| ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ് | | |
| താലൂക്ക് ഓഫീസ് | | |
| തഹസിൽദാർ | | |
| വില്ലേജ് ഓഫീസർ | | |
| പ്രാഥമികാരോഗ്യ കേന്ദ്രം | | |
| സമീപത്തുള്ള സ്വകാര്യ ആശുപത്രികൾ | | |

| | | |
|---|---|---|
| സമീപത്തുള്ള മുൻസിപ്പാലിറ്റി ഓഫീസ് | | |
| അടുത്തുള്ള പൊതുമരാമത്ത് വകുപ്പ് ഓഫീസ് | | |
| വൈദ്യുതി ബോർഡ് ഓഫീസ് | | |
| സമീപത്തുള്ള ജല അതോറിറ്റി ഓഫീസ് | | |
| സ്കൂൾ | | |
| ഗ്രാമ പഞ്ചായത്ത് ഓഫീസ് | | |
| ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് | | |
| ഗ്രാമ പഞ്ചായത്ത് സെക്രട്ടറി | | |
| ദുരന്ത കൈകാര്യ കമ്മിറ്റി | | |
| ദുരന്ത വിവര കേന്ദ്രം | | |

## അനുബന്ധം 4
# മുന്നറിയിപ്പുകൾ

### **മഞ്ഞ അലെർട്ട്** - അറിഞ്ഞിരിക്കുക, ജാഗരൂകരായിരിക്കുക (Be Aware)

മഞ്ഞ അലെർട്ട് പുറപ്പെടുവിക്കുന്നത് താമസസ്ഥലത്തിന്റെയോ ഏർപ്പെട്ടിരിക്കുന്ന പ്രവൃത്തിയുടെയോ കാരണവശാൽ അപകടസാധ്യത ഉള്ളവരെ ഉദ്ദേശിച്ചാണ്. കാലാവസ്ഥ കാരണം മഞ്ഞ അലെർട്ട് പ്രഖ്യാപിച്ചാൽ ഉടനെ അപകടസാധ്യത ഇല്ലെങ്കിലും നാം സാഹചര്യങ്ങളും കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം, ദുരന്ത നിവാരണ അതോറിറ്റി തുടങ്ങിയവയുടെ സന്ദേശങ്ങളും അറിഞ്ഞിരിക്കണം എന്നർത്ഥം. മുഴുവൻ ജങ്ങൾക്കും അപകടസാധ്യതയില്ല, മറിച്ച് തങ്ങളുടെ സ്ഥലം, തൊഴിൽ എന്നിവയനുസരിച്ച് ഉടൻ അല്ലാത്ത അപകടസാധ്യത ഉണ്ടായേക്കാം.

ഉദാ: ഒറ്റപ്പെട്ട സ്ഥലങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെങ്കിൽ മഞ്ഞ അലെർട്ട് പ്രഖ്യാപിക്കാം.

### **ഓറഞ്ച് അലെർട്ട്** - തയ്യാറായിരിക്കുക (Be Prepared)

ഒരു പ്രദേശത്തെ എല്ലാ ജനങ്ങളെയും കാര്യമായി ബാധിച്ചേക്കാവുന്ന കാലാവസ്ഥാ സാഹചര്യം ഉടലെടുക്കുമ്പോൾ ഓറഞ്ച് അലെർട്ട് നൽകുന്നു. ഈ അലെർട്ട് പ്രഖ്യാപിച്ചാൽ എല്ലാ ജനങ്ങളും വന്നേക്കാവുന്ന സാഹചര്യങ്ങളെ നേരിടാൻ തയ്യാറായിരിക്കണം.

ഉദാ: കനത്തതു മുതൽ തീവ്രമായ മഴയ്ക്കു വരെ സാധ്യത; ഒറ്റപ്പെട്ട സ്ഥലങ്ങളിൽ.

### **റെഡ് അലെർട്ട്** - അടിയന്തിര നടപടി എടുക്കുക (Take Action)

തീവ്രമോ അസാധാരണമോ ആയ കാലാവസ്ഥ പ്രതീക്ഷിക്കുമ്പോൾ റെഡ് അലെർട്ട് പ്രഖ്യാപിക്കുന്നു. അലെർട്ട് ഉള്ള മേഖലകളിൽ താമസിക്കുന്നവർ തങ്ങളുടെയും കുടുംബത്തിന്റെയും ജനങ്ങളുടെയും ജീവനും സ്വത്തുക്കളും സംരക്ഷിക്കാനാവശ്യമായ നടപടികൾ കൈക്കൊള്ളണം. സുരക്ഷിത സ്ഥാനങ്ങളിലേക്ക് മാറിതാമസിക്കുക, വീടിനകത്ത് തങ്ങുക തുടങ്ങി സാഹചര്യത്തിന് അനുസൃതമായ നടപടി (സർക്കാർ നിർദ്ദേശമനുസരിച്ച്) കൈക്കൊള്ളുക.

ഉദാ: തീവ്രമോ അതിതീവ്രമോ ആയ മഴ എല്ലായിടത്തും.

### അനുബന്ധം 5

## എമർജൻസി കിറ്റ്

**നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റിയുടെ എമർജൻസി കിറ്റ് ചുവടെ ചേർക്കുന്നു.**

1. ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ടോർച്ച്
2. ബാറ്ററി (കരുതൽ)
3. ബാറ്ററിയിൽ പ്രവർത്തിക്കുന്ന റേഡിയോ
4. പ്രഥമ ശുശ്രൂഷ കിറ്റ് (അത്യാവശ്യ മരുന്നുകളുൾപ്പെടെ)
5. പ്രധാനപ്പെട്ട രേഖകൾ (ഉദാ: വസ്തുവിന്റെ ആധാരം)
6. ഭക്ഷണം (ഉണക്കിയവ), വെള്ളം (പായ്ക്ക് ചെയ്തത്)
7. മെഴുകുതിരിയും തീപ്പെട്ടിയും (നനയാത്തവിധം സൂക്ഷിക്കുക)
8. കത്തി
9. ക്ലോറിൻ ഗുളികകൾ (വെള്ളം ശുദ്ധീകരിക്കുവാൻ)
10. പണം, ആധാർകാർഡ്, റേഷൻകാർഡ്
11. കട്ടിയുള്ള കയർ
12. ഷൂസ്

## അനുബന്ധം 6

# ഈ സഹായി തയ്യാറാക്കുന്നതിന് ഉപയോഗിച്ച പ്രധാന സ്രോതസ്സുകൾ

1. ഡോ പി ഹരിനാരായണൻ, ഡിസാസ്റ്റർ മാനേജ്മെന്റ് (മലയാളം), ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാന്റ് മാനേജ്മെന്റ്, തിരുവനന്തപുരം 38
2. റിക്കാർഡോ സപാട്ടാ മാർട്ടി, ഇൻട്രോഡക്ഷൻ ടു ഡാമേജ് ആന്റ് നീഡ്സ് അസ്സസ്മെന്റ് മെത്തഡോളജി ആന്റ് ബേസിക് കോൺസപ്റ്റ്സ്, UN ECLAC
3. ഡാമേജ് അസ്സസ്മെന്റ് മാന്വൽ, ഉന്നതി (UNNATHI), രാജസ്ഥാൻ
4. ഹാൻഡ് ബുക്ക് ഫോർ എസ്റ്റിമേറ്റിംഗ് ദ സോഷ്യോ-ഇക്കണോമിക് ആന്റ് എൻവൈറോൺമെന്റൽ ഇഫക്ട്സ് ഓഫ് ഡിസാസ്റ്റേഴ്സ്, യുണൈറ്റഡ് നേഷൻ/ഇക്കണോമിക് കമ്മീഷൻ ഫോർ ലാറ്റിൻ അമേരിക്ക ആന്റ് ദ കരീബിയൻ/ ECLAC
5. GoI-UNDP, ബ്ലോക്ക് ഡിസാസ്റ്റർ മാനേജ്മെന്റ് ട്രെയ്നിംഗ് മാന്വൽ: സീരിസ് സി: 1, ഡിസാസ്റ്റർ റിസ്ക് മാനേജ്മെന്റ് പ്രോഗ്രാം
6. തമിഴ്നാട് സർക്കാർ ഡിസാസ്റ്റർ മാനേജ്മെന്റ് ആന്റ് മിറ്റിഗേഷൻ ഡിപ്പാർട്ട്മെന്റ്
7. ഇന്ത്യാ സർക്കാർ ഡിസാസ്റ്റർ മാനേജ്മെന്റ് - ദ ഡവലപ്മെന്റ് പെർസ്പക്ടീവ്, ആൻ എക്സ്ട്രാക്ട് ഓഫ് ദ ചാപ്റ്റർ ഇൻ ദ ടെൻത് ഫൈവ് ഇയർ പ്ളാൻ ഡോക്യുമെന്റ് (2002–2007), നാഷണൽ ഡിസാസ്റ്റർ മാനേജ്മെന്റ് ഡിവിഷൻ, മിനിസ്ട്രി ഓഫ് ഹോം അഫേയേഴ്സ്
8. ലോകാരോഗ്യ സംഘടന പുറത്തിറക്കിയ ദുരന്തകൈകാര്യരീതികൾ സംബന്ധിച്ച വിവിധ രേഖകൾ
9. www.nidm.net/Dos and Donts_Cyclone.asp, നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസാസ്റ്റർ മാനേജ്മെന്റ്
10. www.umsystem.edu/ums/departments/fa/management/records/disaster/guide/Management Services, Records Management Disaster Prevention/Recovery Guide for Developing a Disaster Plan,യൂണിവേഴ്സിറ്റി ഓഫ് മുസോറി.
11. www.developmentgateway.com
9. www/karimganj.gov.in/disaster.htm

## മാതൃകാ വർക്ക്ഷീറ്റുകൾ

## ഷീറ്റ് – 01

## ദുരന്തങ്ങളുടെ വർഗീകരണം

| പേര് | തദ്ദേശ സ്വയംഭരണ സ്ഥാപനം | ബ്ലോക്ക് | ജില്ല |
|---|---|---|---|
| | | | |

**ദുരന്തത്തിന്റെ തരം:** അപകടങ്ങൾ (A) /ജീവശാസ്ത്രപരം (B) /രാസികം, വ്യാവസായികം (C) /ഭൂഗർഭപരം (G) /ജലം, കാലാവസ്ഥ (W)

| നം. | സംഭവം | വർഷവും മാസവും | സീസൺ | തീവ്രത |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |



## മാതൃകാ വർക്ക്ഷീറ്റുകൾ

## ഷീറ്റ് – 02

## സംഭവ്യമായ ദുരന്തങ്ങളുടെ വിപദ്സാധ്യത – ദുർബലാവസ്ഥ – അപകടം

| പേര് | തദ്ദേശ സ്വയംഭരണ സ്ഥാപനം | ബ്ലോക്ക് | ജില്ല |
|---|---|---|---|
| | | | |

**ദുരന്തത്തിന്റെ തരം:** അപകടങ്ങൾ (A) /ജീവശാസ്ത്രപരം (B) /രാസികം, വ്യാവസായികം (C) /ഭൂഗർഭപരം (G) /ജലം, കാലാവസ്ഥ (W)

| നം. | സംഭവം | തീയതി/ വർഷം/ മാസം | അപകടം | ദുർബലാവസ്ഥ | സ്ഥലം | വിപദ് സാധ്യത |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

## മാതൃകാ വർക്ക്ഷീറ്റുകൾ

## ഷീറ്റ് – 03

## ഓരോ ദുരന്തവും വഴിയുണ്ടാകുന്ന പ്രത്യക്ഷവും പരോക്ഷവുമായ നാശനഷ്ടങ്ങൾ വിലയിരുത്തുക

| പേര് | തദ്ദേശ സ്വയംഭരണ സ്ഥാപനം | ബ്ലോക്ക് | ജില്ല |
|---|---|---|---|
| | | | |

**ദുരന്തത്തിന്റെ തരം:** അപകടങ്ങൾ (A) /ജീവശാസ്ത്രപരം (B) /രാസികം, വ്യാവസായികം (C) /ഭൂഗർഭപരം (G) /ജലം, കാലാവസ്ഥ (W)

| നം. | ദുരന്തം | തീയതി/ മാസം/വർഷം | പ്രത്യക്ഷനാശനഷ്ടങ്ങൾ | | | പരോക്ഷനാശനഷ്ടങ്ങൾ | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | പാർപ്പിടം | അടിസ്ഥാന സൗകര്യം | സാമൂഹികം | വൈകാരികം | ഉത്പാദനം | വരുമാനം | പരിസ്ഥിതി | സമുദായം |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |
| | | | | | | | | | | |

## മാതൃകാ വർക്ക്ഷീറ്റുകൾ

## ഷീറ്റ് – 04

## പങ്കുകളും ഉത്തരവാദിത്വങ്ങളും

| പേര് | തദ്ദേശ സ്വയംഭരണ സ്ഥാപനം | ബ്ലോക്ക് | ജില്ല |
|---|---|---|---|
| | | | |

**ദുരന്തത്തിന്റെ തരം:** അപകടങ്ങൾ (A) /ജീവശാസ്ത്രപരം (B) /രാസികം, വ്യാവസായികം (C) /ഭൂഗർഭപരം (G) /ജലം, കാലാവസ്ഥ (W)

| നം. | പ്രവൃത്തി | സഹായക സ്ഥാപനം | ഉത്തരവാദപ്പെട്ട ആൾ | പരിഗണിക്കപ്പെടേണ്ട പ്രധാന കാര്യങ്ങൾ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

## മാതൃകാ വർക്ക്ഷീറ്റുകൾ

## ഷീറ്റ് – 05

## കരട് ദുരന്ത കൈകാര്യ പദ്ധതി

| പേര് | തദ്ദേശ സ്വയംഭരണ സ്ഥാപനം | ബ്ലോക്ക് | ജില്ല |
|---|---|---|---|
| | | | |

**ദുരന്തത്തിന്റെ തരം:** അപകടങ്ങൾ (A) /ജീവശാസ്ത്രപരം (B) /രാസികം, വ്യാവസായികം (C) /ഭൂഗർഭപരം (G) /ജലം, കാലാവസ്ഥ (W)

| നം. | പ്രവൃത്തി പരിചയം | വിവരം/ വ്യാജ ഡ്രില്ലുകൾ | കാര്യശേഷി/പരിശീലനം/ സൗകര്യങ്ങൾ | സാമഗ്രികൾ/ |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |
| | | | | |

## മാതൃകാ വർക്ക്ഷീറ്റുകൾ

## ഷീറ്റ് – 06

## തദ്ദേശ സ്വയംഭരണ സ്ഥാപന ദുരന്ത പരിഹാര പദ്ധതി

| പേര് | തദ്ദേശ സ്വയംഭരണ സ്ഥാപനം | ബ്ലോക്ക് | ജില്ല |
|---|---|---|---|
| | | | |

**ദുരന്തത്തിന്റെ തരം:** അപകടങ്ങൾ (A) /ജീവശാസ്ത്രപരം (B) /രാസികം, വ്യാവസായികം (C) /ഭൂഗർഭപരം (G) /ജലം, കാലാവസ്ഥ (W)

| | |
|---|---|
| ദുരന്തത്തിന്റെ കാരണം എന്താണ്? | |
| ദുരന്തത്തിന്റെ ഫലം എന്താണ്, ആരെയാണു ബാധിക്കുന്നത്? | |
| എങ്ങനെയായിരിക്കും നാശനഷ്ടങ്ങൾ സംഭവിക്കുക? | |
| ദുരന്തത്തിനെതിരായ സംരക്ഷണം എങ്ങനെ നടപ്പാക്കും? | |
| പ്രതിരോധനിക്ഷേപത്തിന് എങ്ങനെ ദീർഘായുസ്സ് ഉറപ്പാക്കാം? | |